നം.കെ.എസ്.എ-കെ.ടി.എം.പി.9/1010/2019 തീയതി : 17.08.2019

# കോട്ടയം ജില്ലയിലെ നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.12.2018 മുതൽ 31.05.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 03.07.2019ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25.06.2019 മുതൽ 04.07.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.സുലത ഡി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സുമേഷ് പി.വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി രഞ്ജു പ്രകാശ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ലൂക്കോസ് കുര്യൻ | ഓഡിറ്റർ (ഹ.ഗ്രേ) |

## (ബി) നിർവഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി എ.ജി. വിമലക്കുട്ടിയമ്മ | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർപേഴ്സൺ (ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീ.എ. സി.ജേക്കബ് | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർപേഴ്സൺ (വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീമതി സവിത ജോമോൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർപേഴ്സൺ (ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീ.എം.എം.വിജയപ്പൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർപേഴ്സൺ (ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീമതി സിന്ധു ഷമ്മി | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.വി.ജെ.ആന്റണി | 01.04.2018 മുതൽ 28.02.2019വരെ |
| | ശ്രീ.വിനോദ് കുമാർ ഇ.ജി. | 01.03.2019 മുതൽ 22.03.2019 വരെ |
| | ശ്രീമതി ബീമ എം. | 23.03.2019 മുതൽ31.03.2019 വരെ |

**(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി ലിനെറ്റ് ജോർജ്ജ് | 01.04.2018 മുതൽ 19.08.2018 വരെ |
| | ശ്രീമതി നിത്യ സി.പി. | 20.08.2018മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി മഞ്ജുഷ സി.പി. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ –പി.എച്ച്.സി | ശ്രീമതി ആശ പി. നായർ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ – ആയുർവേദം | ശ്രീ.മഹേഷ് ബാബു | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ – ഹോമിയോ | ശ്രീമതി മെറിൻ വർഗ്ഗീസ് | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.രഞ്ജിത്ത് റ്റി.എം. | 01.04.2018 മുതൽ 22.09.2018 വരെ |
| | ശ്രീ.ബിജോയ് സേവ്യർ | 23.09.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ലിബിൻ ജേക്കബ് | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി ബിന്ദു റ്റി.റ്റി. | 01.04.2018 മുതൽ 27.06.2018 വരെ |
| | ശ്രീമതി ഷീന മോൾ പി.ബി. | 28.06.2018 മുതൽ02.08.2018 വരെ |
| | ശ്രീമതി സൗമ്യ കെ. | 03.08.2018 മുതൽ 28.12.2018 വരെ |
| | ശ്രീമതി രഞ്ജി ബാബു | 29.12.2018 മുതൽ 10.03.2019 വരെ |
| | ശ്രീമതി അഹ മനോഹർ | 03.08.2018 മുതൽ 28.12.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.എം.വി.കണ്ണൻ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. വിനോദ് കുമാർ ഇ.ജി. | 01.04.2018 മുതൽ 31.03.2019 വരെ |

**(ഡി) ഉള്ളടക്കം**


| ഖണ്ഡിക നം. | വിഷയം |
|---|---|
| ഭാഗം 1 – പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | വാർഷികപദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പ് പദ്ധതി – അവലോകനം |
| 1-8 | സാമൂഹ്യക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| | |

| | |
|---|---|
| 1-10 | ആഭ്യന്തരനിയന്ത്രണസംവിധാനം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക ധനകാര്യപത്രികയുടെ അവലോകനം |
| ഭാഗം 2 -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | തൊഴിൽനികുതി ഈടാക്കുന്നതിൽ വീഴ്ച |
| 2-2 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല |
| 2-3 | വസ്തുനികുതി ഇളവ് നൽകിയിരിക്കുന്ന കെട്ടിടങ്ങളുടെ ആധികാരികത ഉറപ്പുവരുത്തേണ്ടതാണ്. |
| 2-4 | ബി.എസ്.എൻ.എൽ.ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ വസ്തുനികുതിയിൽ ഉൾപ്പെടുത്തിയിട്ടില്ല |
| 2-5 | സംരംഭക പ്രവർത്തനങ്ങൾക്കുള്ള ലൈസൻസ് പുതുക്കൽ – സമയപരിധി പാലിക്കപ്പെടുന്നില്ല |
| 2-6 | അനധികൃതമായി പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 2-7 | സംരംഭക പ്രവർത്തനങ്ങൾക്കുള്ള ലൈസൻസ് നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നില്ല |
| 2-8 | ട്രേഡേഴ്സ് ലിസ്റ്റ് ആധികാരികമാക്കേണ്ടതാണ് |
| 2-9 | ലേലത്തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല |
| 2-10 | വാടക പരിശോധന – അപാകതകൾ |
| ഭാഗം 3 - ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | ഹാജർ പുസ്തകത്തിൽ ഹാജർ രേഖപ്പെടുത്തിയ ദിവസങ്ങളിലെ യാത്രാബത്ത കൈപ്പറ്റിയിരിക്കുന്നു |
| 3-2 | പി.എച്ച്.സി.മുറ്റത്ത് പഞ്ചായത്ത് പാകിയ ഇന്റർലോക്കുകൾ പൊളിച്ചുനീക്കി |
| 3-3 | നടപടിക്രമങ്ങളിലെ കാലതാമസം – അങ്കണവാടി നിർമ്മാണത്തിനായി ആവിഷ്കരിച്ച പ്രോജക്ടുകൾ ഉപേക്ഷിക്കേണ്ടി വന്നു |
| 3-4 | അങ്കണവാടി ജീവനക്കാരുടെ ഹോണറേറിയം ട്രാൻസ്ഫർ ക്രെഡിറ്റ് – വിശദാംശങ്ങൾ ലഭ്യമായില്ല |
| 3-5 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ – സ്കൂൾ സാക്ഷ്യപത്രം ലഭ്യമായില്ല |
| 3-6 | കൃഷി ഓഫീസർ നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ |
| 3-7 | പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി – അപാകതകൾ |
| 3-8 | തുക കൈമാറി രണ്ട് വർഷം കഴിഞ്ഞിട്ടും മീറ്ററിംഗ് സമ്പ്രദായം നടപ്പാക്കിയിട്ടില്ല |
| 3-9 | കരാർവച്ച് ഒരു വർഷം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 3-10 | പി.എച്ച്.സി.ക്ക് മരുന്നു വാങ്ങൽ – മരുന്ന് ലഭ്യമാക്കിയിട്ടില്ല |
| 3-11 | വിനിയോഗ വിവരമില്ല – തുക തടസ്സപ്പെടുത്തുന്നു |
| 3-12 | ലൈഫ് ഭവന പദ്ധതി – അവലോകനം |
| 3-13 | ആശ്രയ പദ്ധതി |
| ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപം |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |
| | |

| | |
|---|---|
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 28.03.2018 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരവും ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 6645665 | 8673577 | 2027912 | 0 |
| വരവ് | 85200000 | 51388023 | | 33811977 |
| ആകെ | 91845665 | 60061600 | | 31784065 |
| ചെലവ് | 88619000 | 43553453 | | 45065547 |
| നീക്കിയിരിപ്പ് | 2062456 | 16508147 | 14445691 | 0 |

പഞ്ചായത്ത് ഭരണസമിതിയുടെ 23.02.2019 ലെ 1-ാം നമ്പർ തീരുമാന പ്രകാരം താഴെ പറയും പ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

| ഇനം | പ്രതീക്ഷിച്ചത് |
|---|---|
| മുന്നിരിപ്പ് | 6645665 |
| വരവ് | 93241087 |
| ആകെ | 99886752 |
| ചെലവ് | 97824296 |
| നീക്കിയിരിപ്പ് | 2062456 |

ബജറ്റിൽ പ്രതീക്ഷിത വരവുചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള കണക്കുകളും തമ്മിൽ വലിയ അന്തരമാണുള്ളത്. ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2018-19 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പുപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2018 ആണ്. നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 26.04.2019 തിയതിയിലെ 1(1) -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് മേൽപറഞ്ഞ സമയപരിധിക്കുള്ളിൽ എയിംസ് (Audit Information Management System) സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും തപാലിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 24.05.2019, 25.05.2019 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ്

സാക്ഷ്യപത്രവും 04.06.2019-ലെ കെ.എസ്.എ.കെ.ടി.എം.പി 9-754/2019 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-12 ൽ പരാമർശിച്ചിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 ധനകാര്യപത്രികയിലെ റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവുചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 8673577.41 |
| വരവ് | 51388023 |
| ആകെ | 60061600.41 |
| ചെലവ് | 43553453 |
| നീക്കിയിരിപ്പ് | 16508147.41 |

## 1-5 ഫണ്ട് വിനിയോഗം

(എ) നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | എ.സി.ആർ. പ്രകാരമുള്ള വരവ്/ അലോട്ട് മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 12263000 | 12263000 | 11136288 | 1126712 | 90.81 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 3853000 | 3853000 | 3801800 | 51200 | 98.67 |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 271000 | 271000 | 71000 | 200000 | 26.2 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 3247000 | 3247000 | 1570520 | 1676480 | 48.37 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 2780000 | 2780000 | 2282638 | 497362 | 82.11 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7447893 | 7447893 | 4769401 | 2678492 | 64.04 |
| തൊഴിലുറപ്പ് പദ്ധതി(MGNREGS) | 17464 | 327752 | 345216 | 324729 | 20487 | 94.07 |
| ഐ.സി.ഡി.എസ്.(ICDS) | 553653 | 537407 | 1091060 | 801846 | 289214 | 73.49 |
| പൈക്ക | 340000 | 0 | 340000 | 0 | 340000 | |
| ശുചിത്വ മിഷൻറ്റി.എസ്.സി | 2000000 | 0 | 2000000 | 120000 | 1880000 | |
| ഒ ഡി എഫ് | 516000 | 582837 | 1098837 | 0 | 1098837 | |
| മാലിന്യത്തിൽ നിന്നും മുക്തി | 17700 | 0 | 17700 | 0 | 17700 | |
| നിർമ്മൽ പുരസ്കാരം | 150000 | 0 | 150000 | 0 | 150000 | |
| മഴക്കാല പൂർവ ശുചീകരണം | 0 | 150000 | 150000 | 150000 | 0 | |
| വരൾച്ച ദുരിതാശ്വാസ ഫണ്ട് | 23103 | 0 | 23103 | 0 | 23103 | |
| സംയുക്ത പ്രോജക്ട്- ബ്ലോക്ക് വിഹിതം | 0 | 500000 | 500000 | 500000 | 0 | 100 |
| സംയുക്ത പ്രോജക്ട് - ജില്ലാ പഞ്ചായത്ത് വിഹിതം | 600000 | 424704 | 1024704 | 424704 | 600000 | 41.44 |
| ഗുണഭോക്തൃ വിഹിതം | 0 | 1215351 | 1215351 | 1138671 | 76680 | 93.69 |
| തനത് ഫണ്ട് * | 0 | 0 | 1637619 | 5598253 | | |

* 2017-18 വർഷം ജില്ലാ പഞ്ചായത്തിൽ നിന്നും ക്യാപിറ്റൽ എക്സ്പെൻഡിച്ചറിനായി ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നു. തനത് ഫണ്ടിന്റെ പ്രാരംഭബാക്കി, നീക്കിയിരിപ്പ് തുകകളിൽ തനത് ഫണ്ട്

എന്ന് വിവക്ഷിക്കാൻ കഴിയാത്ത തുകകളും ഉൾപ്പെടുന്നതിനാൽ തനത് ഫണ്ടിന്റെ മാത്രമായ നീക്കിയിരിപ്പ് നിർണ്ണയിക്കാൻ സാധിക്കുന്നില്ല.

(ബി) വിവിധ ഫണ്ടുകൾ പൂർണ്ണമായ വിനിയോഗ ലക്ഷ്യം കൈവരിക്കാത്തതിനാൽ 62,30,246/- രൂപ നഷ്ടമായി

തൻവർഷം വിവിധ ഗ്രാന്റിനങ്ങളിലായി ലഭിച്ച തുകകൾ പൂർണ്ണമായും ചെലവഴിക്കാതിരുന്നതിനാൽ ചുവടെ ചേർക്കും പ്രകാരം 62,30,246/- രൂപ നഷ്ടപ്പെട്ടു.

| ഫണ്ടിനം | നഷ്ടപ്പെട്ട തുക |
|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 11,26,712 |
| വികസനഫണ്ട് – എസ്.സി.പി. | 51,200 |
| വികസനഫണ്ട് – ടി.എസ്.പി. | 2,00,000 |
| സംരക്ഷണഗ്രാന്റ് – റോഡ് | 16,76,480 |
| സംരക്ഷണഗ്രാന്റ് – നോൺ റോഡ് | 4,97,362 |
| 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 26,78,492 |
| ആകെ | 62,30,246 |

ഗ്രാമപഞ്ചായത്തിന്റെ വിവിധ വികസനപ്രവർത്തനങ്ങൾക്കായി ലഭിച്ച സർക്കാർ ഗ്രാന്റുകൾ യഥാവിധി ചെലവഴിക്കാതിരുന്നതുമൂലം 62,30,246/- രൂപ സ്ഥാപനത്തിന് നഷ്ടമായി. തുടർ വർഷങ്ങളിലെ പദ്ധതി നിർവ്വഹണ പ്രക്രിയകൾ കാര്യക്ഷമമാക്കിയും പൂർണ്ണമായ വിനിയോഗലക്ഷ്യം കൈവരിച്ചും ഇപ്രകാരമുള്ള നഷ്ടം ഒഴിവാക്കേണ്ടതാണ്.

# 1-6 വാർഷികപദ്ധതി അവലോകനം

പദ്ധതിരൂപീകരണം

വാർഷികപദ്ധതിആസൂത്രണം/രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ തദ്ദേശ സ്വയംഭരണവകുപ്പിന്റെ 29-1-18-ലെ ജി.ഒ.(പി)നം.11/2018/നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ആസൂത്രണഘട്ടങ്ങളും നടപടിക്രമങ്ങളും അനവർത്തിച്ചാണ് ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷികപദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന് ബോധ്യമായിട്ടുണ്ട്. പദ്ധതി രൂപീകരണപ്രവർത്തനത്തിന്റെ പ്രാഥമിക നടപടിയെന്ന നിലയിൽ ആദ്യവാർഷിക പദ്ധതിയുടെ ഭാഗമായി രൂപീകരിച്ചിരുന്ന ആസൂത്രണസമിതികൾ പഞ്ചായത്ത് കമ്മിറ്റിയുടെ 29-1-18-ലെ യോഗതീരുമാനപ്രകാരം പുന:സംഘടിപ്പിക്കുകയുണ്ടായി . തുടർന്നുള്ള വിവിധ പ്രവർത്തന ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതിയോഗം | 7-2-18 |
| വർക്കിംഗ് ഗ്രൂപ്പ് യോഗം | 8-2-18, 23-2-18 |
| ഊരുകൂട്ടയോഗം | 14-2-18 |
| മത്സ്യസഭായോഗം | 14-2-18 |
| ബാലസഭായോഗങ്ങൾ | 10-2-18, 17-10-18 |
| ഭിന്നശേഷി ഗ്രാമസഭ | 15-2-18 |
| പദ്ധതി ആസൂത്രണഗ്രാമസഭകൾ | 17-2-18 മുതൽ 21-2-18 വരെ |
| ഘടകസ്ഥാപനമേധാവികളുടെ യോഗം | 6-3-18 |
| വികസനസെമിനാർ | 9-3-18 |
| നിർവ്വഹണോദ്യോഗസ്ഥരുടെ യോഗം | 28-6-18 |

വിവിധ പദ്ധതി ആസൂത്രണഗ്രാമസഭകളിൽ ഉയർന്നുവന്ന പദ്ധതി നിർദ്ദേശങ്ങളും വർക്കിംഗ് ഗ്രൂപ്പുകളുടെ അഭിപ്രായങ്ങളും 9-3-18-ലെ വികസനസെമിനാറിൽ സമഗ്രമായി ചർച്ച ചെയ്യുകയും 2018-19-ലെ കരട് പദ്ധതികൾക്ക് രൂപം നൽകുകയും ചെയ്തു.

പദ്ധതി അംഗീകാരം

വാർഷികപദ്ധതിയ്ക്ക് ഭരണസമിതിയുടെ 3-12-18-ലെ 1(1)-തീരുമാനപ്രകാരം ഭരണാനുമതിയും ജില്ലാ ആസൂത്രണസമിതിയുടെ 1-3-19-ലെ 490/18/DPC/DPO/KTM നമ്പർ നടപടി ഉത്തരവുപ്രകാരം നിർവ്വഹണാംഗീകാരവും ലഭിച്ചു. സ്പിൽ ഓവർ പ്രോജക്ടുകളും പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 153 പ്രോജക്ടുകൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചത്.

<u>പദ്ധതി നിർവ്വഹണം</u>

അംഗീകാരം ലഭിച്ച 165 പ്രോജക്ടുകളിൽ സ്പിൽ ഓവർ പ്രോജക്ടുകളും പുതിയ പ്രോജക്ടുകളുമായി ആകെ 97 പ്രോജക്ടുകൾ മാത്രമാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. വാർഷികപദ്ധതിയുടെ അടങ്കൽ തുകയായി നിശ്ചയിച്ചിരുന്നത് 5,01,46,001/- രൂപയായിരുന്നു. ആയതിലേക്കായി വിവിധ വിഭവ സ്രോതസ്സുകളിൽനിന്ന് വകയിരുത്തിയ തുകയുടെയും തൻവർഷം ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| വിഭവ സ്രോതസ്സ് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | |
|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 1,30,57,900 | 1,11,36,288 | |
| എസ്.സി.പി | 41,53,000 | 38,01,800 | 91.54 |
| റ്റി. എസ്.പി | 271000 | 71000 | 26.19 |
| ധനകാര്യക്കമ്മീഷൻ ഗ്രാന്റ് | 82,96,298 | 4769401 | 57.488 |
| കേന്ദ്രാവിഷ്കൃതഫണ്ട് | 23,22,837 | 8,01,846 | 34.52 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 19,70000 | 120000 | 6.09 |
| തനതുഫണ്ട് | 40,27,216 | 15,37,684 | 38.18 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 7,00,000 | 7,00,000 | 100 |
| ജില്ലാപഞ്ചായത്ത് വിഹിതം | 14,24,704 | 4,24,704 | 29.81 |
| റോഡ് സംരക്ഷണഗ്രാന്റ് | 3,64,7000 | 15,70,520 | 43.06 |
| സംരക്ഷണഗ്രാന്റ് ( റോഡിതരം ) | 36,90,000 | 22,82,638 | 61.86 |
| മറ്റുള്ളവ | 65,86,046 | 18,75,766 | 28.48 |
| ആകെ | 5,0146,001 | 2,90,91,647 | 58.135 |

വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചവ | നടപ്പാക്കിയവ | വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 4162000 | 2241799 | 53.86 |
| വെറ്ററിനറി സർജൻ | 3 | 3 | 3410000 | 2439906 | 71.55 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 4 | 4 | 1183633 | 1042690 | 88.09 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 1 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ, ഹോമിയോപ്പതി | 1 | 1 | 100000 | 100000 | 100 |
| ഫിഷറീസ് ഇൻസ്പെക്ടർ | 1 | 0 | 50000 | 0 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 3080000 | 2957816 | 96 |
| സെക്രട്ടറി | 41 | 35 | 7853386 | 6118321 | 77.9 |
| അസിസ്റ്റന്റ് എൻജിനീയർ | 86 | 31 | 18876882 | 5716035 | 30% |
| ഡയറിഫാം ഇൻസ്ട്രക്ടർ | 2 | 2 | 500000 | 280000 | 56 |
| അസി.സെക്രട്ടറി | 5 | 3 | 434000 | 286940 | 66 |
| വി.ഇ.ഒ. | 11 | 7 | 10296100 | 7708140 | 74.86 |
| ആകെ | 165 | 97 | 50146001 | 29091647 | 58.13 |

**തൻവർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണചുമതലയുണ്ടായിരുന്ന 55 പ്രോജക്ടുകൾ നടപ്പാക്കിയില്ല**

തൻവർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി സ്പിൽഓവർ ഉൾപ്പെടെ അംഗീകാരം ലഭിച്ചിരുന്ന 86 പ്രോജക്ടുകളിൽ 55 എണ്ണവും നടപ്പാക്കിയിട്ടില്ല. 31 പ്രോജക്ടുകൾക്കുവേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. പദ്ധതികൾക്ക് അന്തിമാനുമതി ലഭിച്ചിട്ടും ഫണ്ട് ലഭ്യത ഉറപ്പായിരുന്നിട്ടും പദ്ധതികൾ നടപ്പാക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല. പ്രവൃത്തികൾ ഏറിയ പങ്കും അടുത്ത സാമ്പത്തികവർഷത്തിലേയ്ക്ക് നീളുന്നത് ഒഴിവാക്കേണ്ടതാണ്. പദ്ധതി ആവശ്യാധിഷ്ഠിതമായി രൂപീകരിക്കുന്നതിലും സമയബന്ധിതമായി നടപ്പാക്കുന്നതിലും വികസനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടെയും കാര്യക്ഷമമായ ഇടപെടൽ അനിവാര്യമാണ്.

**വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം :**

13-ാം പദ്ധതികളുടെ മാർഗ്ഗരേഖ അനുസരിച്ച് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്ഥാപനതലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന അംഗം അദ്ധ്യക്ഷനായി വിവിധ വിഷയമേഖലകൾക്കായി പ്രത്യേക വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും പ്രവർത്തിക്കേണ്ടതുമാണ്. സ്റ്റാറ്റസ് റിപ്പോർട്ടും കരട് പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്യുക, പ്രോജക്ടുകളുടെ നിർവ്വഹണം മോണിറ്റർ ചെയ്യുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതലകൾ. നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ വാർഷികപദ്ധതിപ്രകാരം വിവിധ വികസനമേഖലകളിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ നിർവ്വഹണം ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ ഇപ്രകാരം മേൽനിരീക്ഷണം നടത്തിയതായി കാണുന്നില്ല. പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച് അവലോകന റിപ്പോർട്ടും സമർപ്പിച്ചിട്ടില്ല. പശ്ചാത്തലമേഖലയിൽ ആവിഷ്കരിച്ച് അംഗീകാരം ലഭിച്ച പകുതിയിലധികം പ്രോജക്ടുകളും കരാർവച്ചതിനുശേഷം നാളിതുവരെ നടപ്പാക്കാതിരുന്നതും ആയതിനനുസൃമായ തുടർനടപടികൾ സ്വീകരിക്കാതിരുന്നതുമായ സാഹചര്യം പദ്ധതിനിർവ്വഹണത്തിലും മോണിറ്ററിംഗിലും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവരുടെ പ്രവർത്തനങ്ങളും ഇടപെടലുകളും കാര്യക്ഷമമായിരുന്നില്ല എന്ന് വ്യക്തമാക്കുന്നു.

**യോഗമിനിറ്റ്സ് യഥാവിധി തയ്യാറാക്കിട്ടില്ല:**

ഓരോ വിഷയമേഖലയുടെയും കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ കൃത്യമായ ആസൂത്രണത്തിനും നടപ്പാക്കലിനും വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി യോഗം ചേരേണ്ടതാണ്. 2018-19-ലെ വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം കൂടിയിട്ടുണ്ടെങ്കിലും പല വർക്കിംഗ് ഗ്രൂപ്പുകളും യോഗവിവരങ്ങളുടെ മിനിറ്റ്സ് കൃത്യമായി എഴുതിയിട്ടില്ല. തീയതി രേഖപ്പെടുത്താതെയും യോഗവിവരങ്ങൾ സാക്ഷ്യപ്പെടുത്താതെയുമാണ് മിനിറ്റ്സ് സൂക്ഷിച്ചിട്ടുള്ളത്. മിനിറ്റ്സിൽ ഹാജർ മാത്രം രേഖപ്പെടുത്തിയിട്ടുള്ളതായും കാണുന്നു.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം

1)ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാമാസവും യോഗം ചേരുകയും നിയമാനുസൃതം ചുമതലപ്പെട്ട എല്ലാ വിഷയങ്ങളും ചർച്ച ചെയ്ത് പരിഹാരനടപടികൾക്കുള്ള ശുപാർശയോടുകൂടി ജനറൽ കമ്മിറ്റിയിൽ അവതരിപ്പിക്കുകയും

ചെയ്തിട്ടുണ്ട്. തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുകയും അവ പ്രാബല്യത്തിൽ വരുത്തിയതുവഴി വാടക, ലേലം എന്നീ ഇനങ്ങളിൽ മുൻവർഷത്തേക്കാൾ വരുമാനവർദ്ധനവ് ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. ഓരോ മാസത്തേയും വരവുചെലവുകണക്കുകൾ പരിശോധിച്ച് തൊട്ടടുത്തമാസത്തെ കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകരിക്കുകയും വാർഷികപദ്ധതിൽ വരുത്തിയ മാറ്റങ്ങൾക്കനുസൃതമായി റിവൈസ്ഡ് ബജറ്റ് തയ്യാറാക്കി അംഗീകരിക്കുകയും ചെയ്തു.

വികസനകാര്യം

മുൻവാർഷികപദ്ധതികളിലൂൾപ്പെടെ അംഗീകാരം ലഭിച്ചിരുന്ന പല പ്രോജക്ടുകളും സമയബന്ധിതമായി നടപ്പാക്കുന്നതിലും പദ്ധതികളുടെ മോണിറ്ററിംഗിന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിലും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമായിരുന്നില്ല എന്ന് കാണുന്നു. എന്നാൽ പദ്ധതി ആസൂത്രണം/രൂപീകരണത്തിന്റെ ഭാഗമായ പ്രാഥമികനടപടിക്രമങ്ങൾ പാലിക്കുന്നതിൽ നിയമാനുസൃത ചുമതലകൾ നിറവേറ്റിയിട്ടുണ്ട്. പ്രോജക്ടുകളുടെ തുടർമോണിറ്ററിംഗ് സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകിട്ടുള്ളതായും കാണുന്നില്ല

ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി

എല്ലാ മാസവും യോഗം ചേർന്ന് ബന്ധപ്പെട്ട മേഖലയിലെ പ്രശ്നങ്ങൾ വിശകലനം ചെയ്യുകയും വാർഷിക പദ്ധതിയിൽ കരട് പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും സ്റ്റാന്റിംഗ് കമ്മിറ്റി ഇടപെടലുകൾ നടത്തിയിട്ടുണ്ട്. എന്നാൽ പദ്ധതി നിർവ്വഹണം മോണിട്ടർ ചെയ്യുന്നതിനും അപാകതകൾ കണ്ടെത്തി പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും കാര്യക്ഷമമായ ഇടപെടൽ ഉണ്ടായിട്ടില്ല. യോഗമിനിറ്റ്സുകൾ യഥാവിധി എഴുതി പൂർത്തീകരിച്ചിട്ടുണ്ട്.

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി

സാമൂഹ്യക്ഷേമ മേഖലയിൽ വിവിധ ക്ഷേമപെൻഷനുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം ശ്ലാഘനീയമാണ്. എന്നാൽ ശിശുസംരക്ഷണ മേഖലയിൽ അങ്കണവാടികളുടെ പശ്ചാത്തലസൗകര്യത്തിനായുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ കാര്യക്ഷമമായ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്.

ഗ്രാമസഭകൾ

ഗ്രാമസഭകൾ നിയമാനുസൃത ഇടവേളകളിൽ യോഗം ചേരുകയും യോഗമിനിറ്റ്സുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ വാർഡുകളിലെയും ഗ്രാമസഭകളിൽ ഓഡിറ്റ് റിപ്പോർട്ട് പ്രത്യേക അജണ്ടയായി ഉൾപ്പെടുത്തി ചർച്ച ചെയ്തിട്ടില്ല.

# 1-7 തൊഴിലുറപ്പ് പദ്ധതി - അവലോകനം

തൊഴിലുറപ്പ് പദ്ധതിയുടെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 17464.3 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 5937475 | |
| | ക്യാഷ് വരവ് (പലിശ ഉൾപ്പെടെ) | 327752 | |
| ആകെ | | | 6282691.3 |
| ചെലവ് | ഗുണഭോക്താക്കൾക്ക് അക്കൗണ്ടിലേക്ക് നേരിട്ട് | 5681675 | 6262204 |
| | സ്കിൽഡ് & സെമി സ്കിൽഡ് | 88800 | |
| | മെറ്റീരിയൽ ചാർജ്ജ് | 167000 | |
| | ഭരണ ചെലവുകൾ(ബാങ്ക് ചാർജ് ഉൾപ്പടെ) | 324729 | |
| നീക്കിയിരിപ്പ് | | | 20487.3 |

2018-19 വർഷം തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഫലവൃക്ഷതൈ നേഴ്സറി നിർമ്മാണം, കുളം നിർമ്മാണം, മഴക്കുഴി നിർമ്മാണം, തരിശ് നിലങ്ങൾ കൃഷിചെയ്യുന്നതിനായി നിലം ഒരുക്കൽ,കന്നുകാലിത്തൊഴുത്ത്

നിർമ്മാണം, തീറ്റപ്പുൽകൃഷി, കിണർ നിർമ്മാണം തുടങ്ങിയ വൈവിധ്യമാർന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. തൻവർഷം 67 പേർക്ക് തൊഴിൽകാർഡ് ലഭിക്കുകയും 20682 തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

# 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

2018-19 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക (രൂപ) |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 673 | 8059200 |
| വിധവാപെൻഷൻ | 565 | 6822400 |
| വാർദ്ധക്യകാലപെൻഷൻ | 1173 | 13677200 |
| വികലാംഗപെൻഷൻ | 270 | 3284700 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 1 | 30000 |
| അവിവാഹിത പെൻഷൻ | 35 | 398800 |
| തൊഴിൽരഹിത വേതനം | 39 | 18240 |

# 1-9 ക്യാഷ് പരിശോധന

നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.06.2019 തീയതിയിൽ 03.30 PM-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെയും ഹെഡ് ക്ലാർക്കിന്റെയും സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 5143/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി എല്ലാ ചെലവുകളും നിയമപ്രകാരമാണെന്ന് സെക്ഷൻ ക്ലാർക്ക് പരിശോധിച്ച് ഉറപ്പുവരുത്തുകയും ആയത് അക്കൗണ്ടന്റ് ഉപരിപരിശോധന നടത്തുന്നുമുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. വൗച്ചറുകൾ വൃത്തിയായി ബൈന്റ് ചെയ്ത് സൂക്ഷിക്കുന്നുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വസ്തു നികുതിയുടെ പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി/പഞ്ചായത്ത് കമ്മറ്റി കണിശതയോടെ നിരീക്ഷിച്ച് വരുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(3) പ്രകാരം ഗ്രാമസഭ 3 മാസത്തിൽ ഒരിക്കൽ യോഗം ചേരണമെന്ന നിബന്ധന പാലിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഏപ്രിൽ 2018 ന് ശേഷം അടുത്ത ഗ്രാമസഭായോഗം ചേരുന്നത് ഒക്ടോബർ 2018 നാണ്. ഇത് നിയമവിരുദ്ധമാണ്. കൂടാതെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വയ്ക്കണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ പ്രവർത്തന കലണ്ടർ ഫയലുകളിൽ സൂക്ഷിക്കുന്നില്ല. കരാർ വച്ച് ആരംഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നെങ്കിലും നിയമാനുസൃതമായ പിഴ ഈടാക്കി വരുന്നില്ല. വ്യക്തമായ കരാർവ്യവസ്ഥകൾ എഴുതി ചേർക്കാത്തതിനാൽ കരാറിലേർപ്പെട്ട ശേഷം യഥാസമയം പ്രവൃത്തി നിർവ്വഹിക്കാത്ത കരാറുകാർക്കെതിരെ നടപടികൾ സ്വീകരിക്കാൻ സാധിക്കാതെ വരുന്നു..

പി.എച്ച് .സി മെയിന്റനൻസിന്റെ ഭാഗമായി തൻവർഷം പാകിയ ഇന്റർലോക്കിന്റെ ഭൂരിഭാഗവും ആർദ്രം പദ്ധതിയുടെ പേരിൽ പൊളിച്ച് മാറ്റേണ്ടി വന്നത് വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മ മൂലമാണ്.

കാർഷിക മേഖലയായ ഗ്രാമപഞ്ചായത്തിൽ വലിയ തുക മുടക്കി നെൽവിത്ത് വിതരണം ചെയ്തിട്ടുണ്ട്. ആയത് കർഷക സമിതികൾക്ക് കൈമാറി അവർ മുഖാന്തിരം കർഷകർ കൈപ്പറ്റുന്നത് വർക്കിംഗ് ഗ്രൂപ്പ് മോണിട്ടർ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് തന്നെയാണ് ആനുകൂല്യം ലഭിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ, തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.05.2019 | 04/2019 | 02/19- തിയതി |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.02.2018 മുതൽ 09.03.2018 വരെ | 2012-13 മുതൽ 2016-17 വരെ | എൽ ബി എ<br>(എച്ച് ക്യൂ) 11/8 എ, 2780/382, 12.04.2018 |

# 1-12 വാർഷിക ധനകാര്യപത്രികയുടെ അവലോകനം

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ഓഡിറ്റ് വേളയിലും നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജി.ഒ. (എം.എസ്) 152/11/തസ്വഭവ / 26.07.2011 പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിംഗും പൂർത്തിയാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുമില്ല. ആയതിനാൽ, ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുവാനായിട്ടില്ല. പഞ്ചായത്ത് ഫണ്ടിന്റെ കൃത്യതയും ഉറപ്പാക്കാനായിട്ടില്ല.
2. വസ്തുനികുതിയിനത്തിലെ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡിസിബി കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
3. ബാലൻസ് ഷീറ്റിലെ ലൈബ്രറി സെസിനത്തിലെ തുക വസ്തുനികുതി കുടിശ്ശികയുടെ 5% എന്ന കൃത്യത പുലർത്തുന്നില്ല.
4. ബി4 ഷെഡ്യൂളിലെ 32100126 പൈക്ക, 320200311ഫ്ലഡ് റിലീഫ് ഗ്രാന്റ് എന്നീ ശീർഷകങ്ങളിൽ 2015-16 മുതലുള്ള തിരിച്ചറിയാനാകാത്ത തുകകൾ ഉൾപ്പെടുന്നു.
5. ബി-7 ഷെഡ്യൂളിലെ 340109901 അദർ ഡെപ്പോസിറ്റ് 34200101 റെന്റ് ഡെപ്പോസിറ്റ്, എന്നീ ശീർഷകങ്ങളിൽ 2014-15 വർഷം മുതലുള്ള തുകകൾ നിലനിൽക്കുന്നു. ഇതിൽ കാലഹരണപ്പെട്ട തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.
6. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58(4) എച്ച് പ്രകാരം കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 തൊഴിൽനികുതി ഈടാക്കുന്നതിൽ വീഴ്ച

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് അറുപതു ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് ആ പ്രദേശത്തോ, അതിനു വെളിയിലോ ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ, ഏർപ്പെട്ടിരിക്കുന്നതോ, അല്ലങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ, സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ, അല്ലങ്കിൽ മുതൽ മുടക്കിൽ നിന്ന് എതെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ തൻ വർഷം സർക്കാർ ജീവനക്കാരുടേയും നാമമാത്രമായി സ്വകാര്യ സ്ഥാപനങ്ങളുടേയും ജീവനക്കാരുടേയും ഒഴികെ പരാമർശിത സെക്ഷൻ പ്രകാരമുള്ള സ്വകാര്യ പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർ, വക്കീലൻമാർ, വാഹന ഉടമകൾ, കേബിൾ ടി.വി ഓപ്പറേറ്റർമാർ, കോൺട്രാക്ടർമാർ, വാണിജ്യ/വ്യവസായ സ്ഥാപനങ്ങളിലെ ജീവനക്കാർ, മറ്റ് സംരംഭകർ, എന്നി വിഭാഗങ്ങളിൽ നിന്ന് നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.3(1) ന് 2019-20

കാലയളവ് മുതൽ പരാമർശിത സ്ഥാപനങ്ങൾ/ വ്യക്തികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

തൊഴിൽ നികുതി ഈടാക്കേണ്ട മുഴുവൻ വിഭാഗങ്ങളിൽ നിന്നും നികുതി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന കാര്യം പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ്കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-2 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

സംരംഭപ്രവർത്തനങ്ങൾക്കുള്ള ലൈസൻസിനായുള്ള അപേക്ഷയിൽ സ്ഥാപനയുടമ രേഖപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ എണ്ണത്തിനനുസരിച്ച് സ്ഥാപനയുടമ തൊഴിൽ നികുതി റിട്ടേൺ സമർപ്പിച്ച് നികുതി ഒടുക്കിയിട്ടില്ല ഉദ. താഴെചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഉടമസ്ഥൻ | ലൈസൻസിനായുള്ള അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | പ്രോമ്പന്റ് എക്സ്പോർട്ട് | കൃഷ്ണകുമാർ എച്ച്. | 06 |
| 2 | തിരുമംഗലം വുഡ് വർക്സ് | ടി.ആർ അശോക് കുമാർ | 03 |
| 3 | സെന്റ് സെബാസ്റ്റ്യൻ ഇൻഡസ്ട്രീസ് | മഹേഷ് വി.ജെ, ഷെറിൻ ഫിലിപ്പ് | 08 |
| 4 | തടിമില്ല് | അഭിലാഷ് എസ്. | 04 |
| 5 | ഗുരുദേവ് ഇൻഡസ്ട്രീസ് | സാംജി ടി.ആർ | 04 |
| 6 | സെന്റ് മൈക്കിൾസ് ഫുഡ് പ്രോഡക്ട്സ് | പി.ജോസഫ് | 10 |
| 7 | സെന്റ് മൈക്കിൾസ് സോമിൽ | പി.ജെ. ജോസഫ് | 05 |
| 8 | പ്രീതി ടിംബേഴ്സ് | റെജി ജോസഫ് | 03 |
| 9 | ജെ.ജെ. ബ്രിക്സ് | വി.യു ജോസഫ് | 09 |
| 10 | ശ്രീദുർഗ്ഗാ ഫ്യവൽസ് | മിനിമോൾ പി.എം | രേഖപ്പെടുത്തിയിട്ടില്ല |

മേൽ സ്ഥാപനങ്ങളിലെ സ്ഥാപന മേധാവികൾക്ക് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ നിന്ന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.3(1) ന് പരാമർശിച്ച സ്ഥാപനങ്ങളിലെ സ്ഥാപന മേധാവികൾക്ക് നോട്ടീസ് നൽകി ജീവനക്കാരിൽനിന്നും പൂർണ്ണമായും തൊഴിൽനികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സെക്രട്ടറി ഈ വിഷയത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 വസ്തു നികുതി ഇളവ് നൽകിയിരിക്കുന്ന കെട്ടിടങ്ങളുടെ ആധികാരികത ഉറപ്പുവരുത്തേണ്ടതാണ്.

ആരാധനാലയങ്ങൾ എന്ന നിലയിൽ 48 കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്ന് ഒഴിവ് ചെയ്തിട്ടുണ്ട്. പ്രാർത്ഥനാവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് മാത്രമാണ് വസ്തു നികുതിയിൽ ഇളവുള്ളത്. എന്നാൽ ഒരേ ഉടമസ്ഥതയിൽ ഒന്നിലധികം കെട്ടിടങ്ങളെ ആരാധനാലയങ്ങൾ എന്ന നിലയിൽ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതിയിളവ് നൽകിയതായി കാണുന്നു. ഉദാ. ചുവടെ ചേർക്കുന്നു. പ്രസ്തുത കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതിലേക്കായി 29.06.2019-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 7 (2)-ന് മറുപടി ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം | വിലാസം |
|---|---|---|
| | | |

| | | |
|---|---|---|
| 1 | 1/278/A | സെന്റ് മേരീസ് ചർച്ച് |
| 2 | 1/280/ | |
| 3 | 2/259/ | മൂഴിക്കുളങ്ങര ക്ഷേത്രം |
| 4 | 2/260/ | |
| 5 | 3/204/ | മങ്ങാട്ടുകുഴി ക്ഷേത്രം |
| 6 | 3/205/ | |
| 7 | 4/301/ | വലിയപടവത്ത് ടെമ്പിൾ |
| 8 | 4/302/ | |
| 9 | 6/405/ | ശ്രീകൃഷ്ണസ്വാമി ക്ഷേത്രം |
| 10 | 6/406/ | |
| 11 | 7/442/ | കുറ്റിയാനികുളങ്ങര ഭഗവതി ക്ഷേത്രം |
| 12 | 7/444/ | |
| 13 | 8/84/ | കുറ്റിക്കൽ ഫൊറോന ചർച്ച് |
| 14 | 8/443/ | |

മേൽ പ്രതിപാദിച്ച കെട്ടിടങ്ങളിൽ പരിശോധന നടത്തി പ്രാർത്ഥനാവശ്യങ്ങൾക്കു മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങൾ അല്ലാത്തവയായിട്ടുണ്ടെങ്കിൽ അപ്രകാരമുള്ള കെട്ടിടങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 BSNL ടെലി കമ്മ്യൂണിക്കേഷൻ ടവറുകളെ വസ്തുനികുതിയിൽ ഉൾപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ BSNL ടെലികമ്മ്യൂണിക്കേഷൻ ടവറുകളൊന്നുപോലും സഞ്ചയയിൽ അസസ്സ് ചെയ്തതായി കാണുന്നില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന BSNL ടെലി കമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങളും, വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങളും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണെന്നുകാണിച്ച് 29.06.2019- ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.7 (1)-ന് മറുപടി ഹാജരാക്കിയിട്ടില്ല. ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-5 സംരംഭക പ്രവർത്തനങ്ങൾക്കുള്ള ലൈസൻസ് പുതുക്കൽ- സമയപരിധി പാലിക്കപ്പെടുന്നില്ല

2017-18 കാലയളവിലെ സംരംഭക പ്രവർത്തനങ്ങൾക്കുള്ള ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച ഭൂരിഭാഗം അപേക്ഷകളും ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് 30 ദിവസം മുൻപ് അപേക്ഷ സമർപ്പിക്കണമെന്ന സമയക്രമം പാലിക്കാത്തതായി കാണുന്നു. ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടം 22 പ്രകാരം താമസിച്ച് സമർപ്പിക്കുന്ന അപേക്ഷകളിൽ 25% അധിക ഫീസ് ഈടാക്കുന്നതായി കാണുന്നില്ല. ചില ഉദാ. ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | കെട്ടിട നം. | അപേക്ഷ സമർപ്പിച്ച തീയതി |
|---|---|---|---|
| 1 | സെന്റ്. മൈക്കിൾ വുഡ് പ്രോഡക്ട് | 15/299 | അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല |
| 2 | പോങ്ങവന ഫ്ലവർ മിൽ | 4/375A | അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല |
| 3 | റൈസ് മിൽ | 2/302 | അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല |

| | | | |
|---|---|---|---|
| 4 | ഫ്ലവർ മിൽ | 7/398 | 21.03.2018 |
| 5 | വിഷ്ണു വുഡ് വർക്സ് | | 24.03.2018 |
| 6 | ബാലകൃഷ്ണ ഇൻഡസ്ട്രീസ്& ഓട്ടോമൊബൈൽസ് | 12/165 | അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല |
| 7 | സെൻ്റ്. മൈക്കിൾ സോ മിൽ | 7/104 | 26.03.2018 |
| 8 | അമൃതം വുഡ് വർക്സ് | | 28.03.2018 |
| 9 | അന്ന മിൽസ് | 15/340 | അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല |
| 10 | പ്രീതി ടിംബേഴ്സ് | 7/207&208 | 14.05.2018 |
| 11 | നെടുങ്ങാട്ട് ഫർണീച്ചർ | 8/88 | 14.06.2018 |
| 12 | ജെ.ജെ.ഫെൻസിംഗ് വർക്സ് | 1/419 | അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല |
| 13 | സോയ പ്രോഡക്ട്സ് | 14/150A | 18.06.2018 |
| 14 | ഓട്ടോ വേൾഡ് | 15/195 | 22.06.2018 |
| 15 | പത്തിൽ റൈസ് മിൽ | 13/273 | 22.6.2018 |
| 16 | ജെ.ജെ. ബ്രിക്സ് | | അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല |
| 17 | നിർമ്മല ഫ്ലോർ മിൽ | 4/158A | 2.07.2018 |
| 18 | ജയാ ഫർണീച്ചർ | 5/159 | 4.7.2018 |
| 19 | SSB No. 2641, നെല്ല് സംഭരണം, സംസ്കരണം | | 12.07.2018 |

ഇത് സംബന്ധിച്ച് 28.06.2019 -ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 1 (3)- ന് പട്ടികയിൽ പരാമർശിച്ചിട്ടുള്ള 8 സ്ഥാപനങ്ങളിൽ നിന്ന് ചട്ടപ്രകാരമുള്ള അധിക ഫീസ് ഈടാക്കിയ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങളുടെ അധിക ഫീസ് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-6 അനധികൃതമായി പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 3- പട്ടിക 1 – ൽ ഉൾപ്പെട്ടിട്ടുള്ളതും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതുമായ താഴെ ചേർക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | കള്ള് ഷാപ്പുകൾ |
| 2 | ഇറച്ചിവിൽപന ശാലകൾ |
| 3 | റേഷൻ കടകൾ |

ഇത് സംബന്ധിച്ച് 28.06.2019-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 1 (1)-ന് ഇറച്ചി വിൽപ്പനശാലകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലായെന്നും മറ്റ് സ്ഥാപനങ്ങൾക്ക് 2019-20 കാലയളവ് മുതൽ ലൈസൻസ് എടുപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ എല്ലാ ദിവസങ്ങളിലും പ്രവർത്തിക്കുന്നവയും ഞായറാഴ്ചകളിൽ മാത്രം പ്രവർത്തിക്കുന്നവയുമായി അനധികൃതമായിട്ടുള്ള ഇറച്ചി വിൽപ്പനശാലകൾ പഞ്ചായത്ത് പരിധിയിൽ ഉണ്ടെന്ന് ഓഡിറ്റിൻ്റെ ശ്രദ്ധയിൽപെട്ടിട്ടുള്ളതാണ്. ആയതിനാൽ മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളെ ക്രമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

# 2-7 സംരംഭപ്രവർത്തനങ്ങൾക്കുള്ള ലൈസൻസ് -

# നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നില്ല

2018-19 കാലയളവിൽ ലൈസൻസിനായി സമർപ്പിച്ച ചില അപേക്ഷകളിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതെ (ഉദ. (1) ലൈസൻസിനാവശ്യമായ സ്ഥാപനത്തിലെ ആകെ ജോലിക്കാരുടെ എണ്ണം (2) മാലിന്യങ്ങൾ നീക്കാൻ സജ്ജീകരണ ഉണ്ടാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ (3) ലൈസൻസിനാവശ്യമായ സ്ഥലം വൃത്തിയിലും ശുചിത്വത്തിലും സൂക്ഷിച്ചിട്ടുണ്ടോ? (4) ഒരു ദിവസത്തെ വിറ്റ് വരവ്, (5) അപേക്ഷ തീയതി ഉടങ്ങിയവ) സമർപ്പിച്ച അപേക്ഷകളിൽ ലൈസൻസ് നൽകിയതായി കാണുന്നു. ഉദഹരണം താഴെചേർക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര് | കെട്ടിട നം. | സ്ഥാപനം |
|---|---|---|---|
| 1 | ടി. കെ നാസ്സർ, അതിരമ്പുഴ | 4/17G | എ വൺ വെസൽസ്സ് |
| 2 | പ്രവീൺ പ്രകാശ് | 7/059A,59B | ശാലിനി സ്റ്റീൽസ് |
| 3 | സി. എ. വേണുദാസ് | 14/171C | ബിൽഡിംഗ് കൺസ്ട്രക്ഷനാവശ്യമായ പണിയായുധങ്ങൾ വാടകയ്ക്ക് നൽകൽ |
| 4 | അനിൽ കുമാർ എ.എസ്. | 4/368A, 368B | അറക്കൽ സ്റ്റോഴ്സ് |
| 5 | സുബാഷ് കെ.വി. | 10/257A | സുബാഷ് സ്റ്റോഴ്സ് |
| 6 | രജനി സി.എൻ. | 5/243, 243A | നെല്ലിശ്ശേരി ട്രേഡേഴ്സ് |
| 7 | ബീനാ സാബു | 15/218A | നെക്സ്റ്റ് ടെക്സയിൽസ് |
| 8 | ഹേമലത എസ്. | 6/397A | വൃന്ദാവനം ടെക്സ്റ്റയിൽസ് & ലേഡീസ് സ്റ്റോർ |
| 9 | ലിസ്സമ്മ രാജു | 3/1 | സിമി ഇലക്ട്രിക്കൽസ് |

മേൽ അപാകതയ്ക്ക് മറുപടി ആവശ്യപ്പെട്ട് 28.06.2019-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 1 (3)- ന് വരും കാലളവിൽ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ നടപടിക്രമങ്ങൾ യഥാവിധി പാലിക്കപ്പെടുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

# 2-8 ട്രേഡേഴ്സ് ലിസ്റ്റ് ആധികാരികമാക്കേണ്ടതാണ്.

സഞ്ചയ പ്രകാരം പഞ്ചായത്ത് പരിധിയിൽ വാണിജ്യ ആവശ്യങ്ങൾക്കായി 869 കെട്ടിടങ്ങൾ അസസ്സ് ചെയ്തിട്ടുണ്ടെങ്കിലും ലൈസൻസിന് അപേക്ഷ നൽകിയിട്ടുള്ളത് 232 സ്ഥാപനങ്ങൾ മാത്രമാണ്. പഞ്ചായത്ത് 2018-19-ൽ തയ്യാറാക്കിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ 15 വാർഡുകളിലായി 215 സ്ഥാപനങ്ങൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ അപാകതയ്ക്ക് മറുപടി ആവശ്യപ്പെട്ട് 28.06.2019 -ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 1 (1)-ന് അസസ്സ് ചെയ്തിട്ടുള്ള എല്ലാ കെട്ടിടങ്ങളും വാണിജ്യ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നില്ലെന്നും ഫീൽഡ് പരിശോധനയിൽ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. വാണിജ്യ ആവശ്യങ്ങൾക്കായി അസസ്സ് ചെയ്യപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ കേവലം 27% താഴെമാത്രം കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുള്ളൂ എന്നത് പരിശോധിക്കപ്പെടേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഒരു കണക്കെടുപ്പ് ജനപ്രതിനിധികളുടെ സഹകരണത്തോടെ നടത്തേണ്ടതും ആധികാരികമായ ഒരു ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം എല്ലാ സ്ഥാപനങ്ങൾക്കും വർഷംതോറും നോട്ടീസ് നൽകി ലൈസൻസ് എടുപ്പിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 ലേലത്തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല

1.നീണ്ടൂർ ഗ്രാമ പഞ്ചായത്ത് പബ്ലിക്ക് മാർക്കറ്റ് ഫീസ് പിരിവ് അവകാശം ശ്രീ.മനോജ് പി.എം., പുതുപ്പറമ്പിൽ , നീണ്ടൂർ.പി.ഒ. എന്നയാൾക്ക് 1,20,500/- രൂപയ്ക്ക് ലേലം ഉറപ്പിച്ച് നല്കിയിട്ടുണ്ട്. എന്നാൽ, ലേലം ഉറപ്പിച്ച തീയതിയിൽ ഒടുക്കിയ ആദ്യ ഗഡുവായ 40,200/- രൂപ മാത്രമാണ് ടിയാൾ അടച്ചിട്ടുള്ളത്. 80,300/- രൂപ ഈടാക്കിയിട്ടില്ല.

2.ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതതയിലുള്ള ഫൈബർ വള്ളം കൈവശാവകാശം 2018-19 വർഷം ശ്രീ.കെ.എം.ജോസഫ്, കൊടിപ്പറമ്പിൽ , കൈപ്പുഴ എന്ന വ്യക്തിക്ക് 11.04.2018 ൽ 4900/- രൂപയ്ക്ക് ലേലം ഉറപ്പിച്ച് നല്കിയിട്ടുണ്ട്. ലേലതീയതിയിൽ 1225/- രൂപ മാത്രമാണ് ഒടുക്കിയിട്ടുള്ളത്. 3675/- രൂപ ഈടാക്കിയിട്ടില്ല.

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10, തീയതി 29.06.19) ലഭിച്ച മറുപടിയിൽ തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച 2 വ്യക്തികളിൽ നിന്നും കുടിശ്ശിക തുക പിഴ പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-10 വാടക പരിശോധന -അപാകതകൾ

വാടക ഡിമാന്റ് രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ പ്രാവട്ടം ഷോപ്പിംഗ് കോംപ്ലക്സ് (New) ന്റെ 14-ാം നമ്പർ മുറി 2100/-രൂപ പ്രതിമാസ വാടക നിരക്കിൽ ശ്രീ.സി.വി.വിജയൻ, ചാരംമ്പാട്ട് എന്നയാളിൽ നിന്നും 21.03.18 ന് ലേലം ചെയ്ത് 6300/- രൂപ അഡ്വാൻസ് കൈപ്പറ്റി വാടകയ്ക്ക് നല്കിയിട്ടുള്ളതാണ്. എന്നാൽ ടിയാൾ ടി കെട്ടിടത്തിന്റെ ഷട്ടർ തകരാറിലായതിനാൽ കെട്ടിടം ഉപയോഗിക്കുവാൻ സാധിക്കുന്നില്ലെന്ന് ചൂണ്ടിക്കാണിച്ച് 03.04.2018 ന് പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നല്കിയിട്ടുണ്ട്. എന്നാൽ, കത്ത് നൽകി 8 മാസങ്ങൾക്കുശേഷം വൗച്ചർ നം. 21800589/04.12.18 പ്രകാരം അഡ്വാൻസ് തുക ടിയാന് തിരികെ നല്കിയതായി കാണുന്നു. 2018-19 വർഷം ടി കടമുറി അറ്റകുറ്റപണി നടത്തി വാടകയ്ക്ക് നല്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10,തീയതി 29.06.19) മറുപടി ലഭിച്ചിട്ടില്ല. കടമുറി ഉപയോഗിക്കുവാൻ സാധിക്കുന്നില്ലെന്ന് ചൂണ്ടിക്കാണിച്ച് വാടകക്കാരൻ 03.04.2018-ന് നല്കിയ കത്തിൽ സൂചിപ്പിച്ചിരിക്കുന്ന കേടുപാടുകൾ മാറ്റി നല്കാതിരുന്നതിനാൽ 2018-19 വർഷം 25200/- രൂപ നഷ്ടപ്പെട്ടു. ഫയൽ പരിശോധിച്ചതിൽ , 2019-20 വർഷവും ടി കടമുറി വാടകയ്ക്ക് നല്കിയിട്ടില്ല. പഞ്ചായത്തിന്റെ തനത് വരുമാനം തുടർച്ചയായി നഷ്ടമായി കൊണ്ടിരിക്കുന്നതിനാൽ വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2. 2018-19 വർഷം വാടകയ്ക്ക് എടുത്ത കെട്ടിട ഉടമകൾ വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

| കടമുറിയുടെ പേര് | കടമുറി നം. | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | കുടിശിക |
|---|---|---|---|---|
| ഷോപ്പിംഗ് കോംപ്ലക്സ് (OLD) | 3 | സുനിൽ ശ്രീധരൻ, കാരിക്കൽ,നീണ്ടൂർ | 3700 | 3700 |
| പ്രാവട്ടം ഷോപ്പിംഗ് കോംപ്ലക്സ് (NEW) | 6 | ലത തങ്കപ്പൻ, ആഞ്ഞിലിതോട്ടം, കൈപ്പുഴ | 3200 | 3200 |
| പ്രാവട്ടം ഷോപ്പിംഗ് കോംപ്ലക്സ് (വനിത സംരംഭക കേന്ദ്രം ) | 4 | വിജി വിജയൻ, പനംപറമ്പിൽ, നീണ്ടൂർ | 5742 | 5742 |
| ഫിഷ് മാർക്കറ്റ് സ്റ്റാൾ കോംപ്ലക്സ്, കൈപ്പുഴ | 3 | കെ.എം.ജോസഫ്, കൊടിപറമ്പിൽ, കൈപ്പുഴ | 950 | 8550 |

3.മുൻ വർഷത്തെ കുടിശ്ശിക തുക ഇനത്തിൽ താഴെപ്പറയുന്ന ആളുകളിൽ നിന്നും വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

| കടമുറിയുടെ പേര് | കടമുറി നം. | വാടകക്കാരന്റെ പേര് | കുടിശിക |
|---|---|---|---|

| | | | |
|---|---|---|---|
| ഷോപ്പിംഗ് കോംപ്ലക്സ് (OLD) | 7 | ശിവപ്രസാദ് , വട്ടുകളത്തിൽ, നീണ്ടൂർ | 798 |
| ഫിഷ് മാർക്കറ്റ് സ്റ്റാൾ കോംപ്ലക്സ് ,കൈപ്പുഴ | 2 | കെ.സി.ബാബു,<br>കൊല്ലംപറമ്പിൽ, നീണ്ടൂർ | 860 |
| ഷോപ്പിംഗ് കോംപ്ലക്സ് (OLD) | 5 | എം.എൻ സന്തോഷ് മാമ്മൂട്ടിൽ, നീണ്ടൂർ | 1956 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10, തീയതി 29.06.19) മറുപടി ലഭിച്ചിട്ടില്ല. വാടക കുടിശിക തുക പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഹാജർ പുസ്തകത്തിൽ ഹാജർ രേഖപ്പെടുത്തിയ ദിവസങ്ങളിലെ യാത്രാബത്ത കൈപ്പറ്റിയിരിക്കുന്നു

റ്റി.എ ബില്ലുകൾ, അറ്റൻൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ , താഴെ കൊടുത്തിരിക്കുന്ന ജീവനക്കാർ ഓഫീസിൽ ഹാജരായ ദിനങ്ങളിൽ ഒരു ദിവസത്തെ യാത്രയ്ക്കുള്ള മുഴുവൻ ദിനബത്തയും അനുവദിച്ചതായി കാണുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| ഉദ്യോഗസ്ഥന്റെ പേര് , ഉദ്യോഗപ്പേര് | തീയതി | ടി.എ. ബിൽ പ്രകാരം യാത്രയുടെ ഉദ്ദേശ്യം | തുക |
|---|---|---|---|
| വിഷ്ണു മോഹൻ, ക്ലാർക്ക് | 25.10.18 | നികുതി പിരിവ് അവലോകന യോഗത്തിൽപങ്കെടുക്കുവാൻ പോയി. | 250 |
| ഹരിദാസ്, സീനിയർ ക്ലാർക്ക് | 06.07.18 | യൂണിറ്റ് മീറ്റിംഗിനായി പി.എ.യു ഓഫീസിൽ പോയി. | 320 |
| വിദ്യാ പി.വി., അക്കൗണ്ടന്റ് | 04.07.18 | സി.എഫ്.സി ഗ്രാന്റിന്റെ ലോഗിൻ ക്രിയേറ്റ് ചെയ്യുന്നതിന് പോയി. | 320 |
| | 19.09.18 | സാംഖ്യ അക്കൗണ്ടിംഗ് ക്ലിനിക്കിൽ പങ്കെടുക്കുന്നതിന് പോയി. | 160 (ഔദ്യോഗിക വാഹനത്തിലെ യാത്ര) |
| | 05.10.18 | പെർഫോമൻസ് ഗ്രാന്റ് സംബന്ധിച്ച ആവശ്യത്തിന് പോയി. | 320 |
| റീജ.എസ്., ഹെഡ് ക്ലാർക്ക് | 03.10.18 | പരാതിയിൽ നേർവിചാരണയ്ക്കായി കാഞ്ഞിരപ്പള്ളി മിനി സിവിൽ സ്റ്റേഷനിൽ പോയി. | 160 (ഔദ്യോഗിക വാഹനത്തിലെ യാത്ര) |
| | 19.12.18 | വ്യവസായ വകുപ്പിൽ ഏകദിന ശില്പശാലയിൽ പങ്കെടുക്കുന്നതിന് | 160 (ഔദ്യോഗിക വാഹനത്തിലെ യാത്ര) |
| വിനോദ് കുമാർ ജി. , അസിസ്റ്റന്റ് സെക്രട്ടറി | 23.04.18 | ലൈഫ് മിഷൻ ഏക ദിന സെമിനാറിൽ പങ്കെടുക്കുന്നതിന് കലക്ടറേറ്റിൽ പോയി. | 320 |
| | 16.08.18 | ന്യൂനപക്ഷ മിഷൻ സിറ്റിംഗിൽ പങ്കെടുക്കുന്നതിന് കളക്ടറേറ്റിലും പ്ലാൻ സംബന്ധിച്ച മീറ്റിംഗിൽ പങ്കെടുക്കുന്നതിന് ജില്ലാ പഞ്ചായത്തിലും പോയി . | 160(ഔദ്യോഗിക വാഹനത്തിലെ യാത്ര) |
| | 03.12.18 | കുടുംബശ്രീ മീറ്റിംഗിൽ പങ്കെടുക്കുന്നതിന് ജില്ലാ മിഷൻ | 320 |

| | | | |
|---|---|---|---|
| | | ഓഫീസിൽ പോയി . | |
| | 06.12.18 | യൂണിറ്റ് മീറ്റിംഗിനായി പി.എ.യു ഓഫീസിൽ പോയി. | 320 |
| വി.ജെ.ആന്റണി, സെക്രട്ടറി | 17.05.18 | പച്ചക്കറി പാടശേഖരം സംബന്ധിച്ച ഹിയറിംഗിൽ പങ്കെടുക്കുന്നതിന് കോട്ടയം പുഞ്ച സ്പെഷ്യൽ ഓഫീസിൽ പോയി. | 160(ഔദ്യോഗിക വാഹനത്തിലെ യാത്ര) |
| | 23.06.18 | ഡി.ഡി.പി യുടെ പ്രതിമാസ മീറ്റിംഗിൽ പങ്കെടുക്കുന്നതിന് അയ്മനം ഗ്രാമ പഞ്ചായത്തിൽ പോയി. | 160(ഔദ്യോഗിക വാഹനത്തിലെ യാത്ര) |

ഓഫീസിൽ ഹാജർ രേഖപ്പെടുത്തിയ തീയതിയിൽ റ്റി.എ. കൈപ്പറ്റിയത് ക്രമപ്രകാരമല്ല എന്ന് ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9 തീയതി 29.06.19) ടി ദിവസങ്ങളിൽ ഓഫീസിൽ വന്ന് ഹാജർ രേഖപ്പെടുത്തിയതിന് ശേഷം ഔദ്യോഗിക യാത്രകൾക്ക് ആവശ്യമായ ഫയൽ സഹിതം യാത്ര നടത്തുകയും ശേഷം ടി ഫയലുകൾ അന്നേ ദിവസം തന്നെ തിരികെ ഓഫീസിൽ എത്തിച്ച് ഹാജർ ബുക്കിൽ വൈകുന്നേരം ഹാജർ രേഖപ്പെടുത്തുകയും ചെയ്യുകയാണുണ്ടായത് എന്നാണ് മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളത്. ടി മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഫയലുകൾ ഓഫീസിൽ വന്ന് എടുക്കുകയും തിരികെ ഏൽപ്പിക്കുകയും ചെയ്യുമ്പോൾ ഹാജർ രേഖപ്പെടുത്തേണ്ടതില്ല. ഓഫീസിൽ ഹാജർ രേഖപ്പെടുത്തുമ്പോൾ ഓഫീസിൽ ഹാജരായതായി കണക്കാക്കി ദിനബത്ത അനുവദിക്കാൻ പാടില്ല. ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാവാതെ ശ്രദ്ധിക്കേണ്ടതാണ്.

# 3-2 പി.എച്ച്.സി. മുറ്റത്ത് പഞ്ചായത്ത് പാകിയ ഇന്റർലോക്കുകൾ പൊളിച്ചുനീക്കി

| | |
|---|---|
| പ്രോജക്ട് നം. | 132/19 – ഓണംതുരുത്ത് പി.എച്ച്.സി.മെയിന്റനൻസ് |
| അടങ്കൽ | 4,80,000/- (സംരക്ഷണഗ്രാന്റ് റോഡിതരം) |
| ചെലവ് | 4,75,022/- |
| ബിൽ നമ്പർ | 38 /17-9-18 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എൻജിനീയർ |

രണ്ടാം വാർഡിൽ ഓണംതുരുത്ത് കല്ലുംപാറ റോഡിനരികിൽ സ്ഥിതിചെയ്യുന്ന ഓണംതുരുത്ത് പി.എച്ച്.സി. കെട്ടിടത്തിന്റെ മെയിന്റനൻസിനായി 2017-18 വാർഷികപദ്ധതിയിൽ മേൽപ്രോജക്ടിന് അംഗീകാരം ലഭിച്ചിരുന്നു. കെട്ടിടത്തിന് സ്ഥലസൗകര്യം പരിമിതമായതിനാൽ 2016-17-വാർഷികപദ്ധതിപ്രകാരം മുൻവശത്തുള്ള ഹാളിന്റെ മുൻഭിത്തി പൊളിച്ചുനീക്കി സിമന്റ് സോളിഡ് ബ്ലോക്ക്, ട്രസ്സ് വർക്ക്, ജി.ഐ.ഷീറ്റ് എന്നിവ ഉപയോഗിച്ച് വീതി കൂട്ടിയിരുന്നു. ഈ ഭാഗത്തിന്റെ പൂർത്തീകരണത്തിനായി ഹാളിന്റെ ഭിത്തി പ്ലാസ്റ്ററിംഗ്, പെയിന്റിംഗ്, സെറാമിക് ടൈൽപാകൽ, ഹാളിൽ അലുമിനിയം ഫേബ്രിക്കേഷൻ ചെയ്ത് മുറി തിരിക്കൽ, എന്നിവ ഉൾപ്പെടുത്തി 2017-18- ൽ പ്രോജക്ട് ആവിഷ്ക്കരിക്കുകയും ടെൻഡർ നടപടികൾക്കുശേഷം ശ്രീ.ജെറിൻ ജോർജ് എന്ന കരാറുകാരന് പ്രവൃത്തി എൽപ്പിച്ച് നൽകുകയും ചെയ്തു. എന്നാൽ പ്രവൃത്തി നടന്നുവരവേ മുറ്റം ഇന്റർലോക്ക് പാകൽ ഉൾപ്പെടെ അധിക ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും ആയതിന് അംഗീകാരം ലഭിക്കുകയും പദ്ധതി പൂർത്തീകരിച്ച് 22-6-18-ൽ മെഷർമെന്റ് എടുക്കുകയും ചെയ്തിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റിൽ അധിക ഇനം ക്രമ നമ്പർ 5 പ്രകാരമുള്ള ഇന്റർലോക്ക്പാകൽ പ്രവൃത്തി 108.96m2 അളവിൽ ചെയ്തതിന് ഒരു ചതുരശ്രമീറ്ററിന് 805.76 രൂപ നിരക്കിൽ ആകെ 87795/-രൂപ അനുവദിച്ചിട്ടുണ്ട് (അളവുപുസ്തകം 36/17-18പേജ് 42).

2-7-19-ൽ നടത്തിയ സ്ഥലപരിശോധനയിൽ മുറ്റത്തുപാകിയിരുന്ന ഇന്റർലോക്കുകൾ പകുതിയോളം ഭാഗം ഇളക്കിമാറ്റി ഈ സ്ഥാനത്ത് തറ ഉയർത്തിക്കെട്ടി ഷീറ്റുപയോഗിച്ച് റൂഫിംഗ് നടത്തിയിട്ടുള്ളതായും ഇളക്കിമാറ്റിയ ഇന്റർലോക്കുകൾ മതിലിനുവെളിയിൽ വച്ചിരിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു. ആർദ്രം പദ്ധതിയിൽപ്പെടുത്തി പ്രസ്തുത വേലകൾ നടത്തുന്നതിനുവേണ്ടിയാണ് ഇന്റർലോക്കുകൾ ഇളക്കിമാറ്റിയതെന്ന് ഹോസ്പിറ്റൽ ജീവനക്കാർ അറിയിച്ചു. മേൽസാഹചര്യത്തിൽ പ്രോജക്ട് എസ്റ്റിമേറ്റ് തയ്യാറാക്കിയത് സ്ഥാപനാധികൃതരുമായി ചർച്ച നടത്തി അവരുടെ അഭിപ്രായവും ആവശ്യകതയും കണക്കിലെടുത്തിരുന്നോ എന്നത് സംബന്ധിച്ചും പഞ്ചായത്ത്

നടപ്പാക്കിയ പുതിയ പ്രവൃത്തികൾ നീക്കം ചെയ്യാനുണ്ടായ സാഹചര്യം സംബന്ധിച്ചും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും (എൻക്വയറി നമ്പർ 15/3-7-19) മറുപടി ലഭ്യമാക്കിയിട്ടില്ല. എക്സിറ്റ് മീറ്റിംഗിൽ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ഇളക്കിമാറ്റിയ ഇന്റർലോക്കുകൾ മുറ്റത്തിന്റെ മറ്റൊരു ഭാഗത്ത് ഇട്ടുതരാമെന്ന് അവർ സമ്മതിച്ചിട്ടുണ്ടെന്ന് അറിയിച്ചു.

പ്രോജക്ട് ആസൂത്രണത്തിലും രൂപീകരണത്തിലും ബന്ധപ്പെട്ട വകുപ്പുകൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി എന്നിവയുടെ ഏകോപിച്ചുള്ള തീരുമാനങ്ങളും പ്രവർത്തനങ്ങളും ഉണ്ടായിട്ടില്ലെന്നാണ് മേൽ അപാകത വ്യക്തമാക്കുന്നത്. പഞ്ചായത്തിന്റെ പ്രോജക്ട് രൂപീകരണവേളയിൽ ബന്ധപ്പെട്ട സ്ഥാപനാധികാരികളുമായി കൂടിയാലോചിച്ച് പ്രോജക്ട് പ്രൊപ്പോസലുകൾ ശേഖരിക്കുന്നതിനും ആവശ്യകതയുടെ അടിസ്ഥാനത്തിൽ മാത്രം മുൻഗണന നിശ്ചയിച്ച് വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും വർക്കിംഗ് ഗ്രൂപ്പുകൾ ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്ത് നടപ്പാക്കിയതും നിലവിൽ നീക്കം ചെയ്തിട്ടുള്ളതുമായ ഇന്റർലോക്കുകൾ ആയത് നീക്കം ചെയ്തിട്ടുള്ളവരുടെ ചെലവിൽ പുനസ്ഥാപിച്ച് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടേയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെയും ഇടപെടലും മേൽനോട്ടവും ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതുമാണ്. ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-3 നടപടിക്രമങ്ങളിലെ കാലതാമസം- അങ്കണവാടി നിർമ്മാണത്തിനായി ആവിഷ്ക്കരിച്ച പ്രോജക്ടുകൾ ഉപേക്ഷിക്കേണ്ടി വന്നു

ഗ്രാമപഞ്ചായത്തിന്റെ 5, 9 വാർഡുകളിൽ സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ചുവടെ ചേർക്കുംപ്രകാരം രണ്ട് പ്രോജക്ടുകൾ ആവിഷ്ക്കരിച്ചിരുന്നു..

| വാർഡ് | പ്രോജക്ട് | വകയിരുത്തിയ തുക |
|---|---|---|
| 9 | 134/19 (86/17-18) | 700000/- (ഡിപ്പാർട്ട്മെന്റ് ഫണ്ട്)<br>200000/- (ജില്ലാ പഞ്ചായത്ത് വിഹിതം)<br>50000/- (ഗ്രാമപഞ്ചായത്ത് വിഹിതം)<br>950000/- |
| 5 | 147/19<br>(157/17-18) | 500000/- (കേന്ദ്രാവിഷ്കൃതഫണ്ട് )<br>200000/- (സംസ്ഥാനാവിഷ്കൃതഫണ്ട് )<br>200000/- (ജില്ലാപഞ്ചായത്ത് വിഹിതം )<br>50000/- ( തനതുഫണ്ട്)<br>950000/- |

2017-18 വർഷം തൊഴിലുറപ്പുപദ്ധതി സ്കീമിൽപ്പെടുത്തി നടപ്പാക്കുന്നതിന് മേൽപ്പറഞ്ഞപ്രകാരം പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് അംഗീകാരം ലഭിച്ചെങ്കിലും തൻവർഷം നടപ്പാക്കിയിരുന്നില്ല. 2018-19-ൽ സ്പിൽ ഓവറായി അംഗീകാരം ലഭിച്ചെങ്കിലും തൻവർഷവും നടപ്പാക്കിയിട്ടില്ല. കെട്ടിടനിർമ്മാണത്തിനുള്ള സ്പിൽഓവർ പ്രോജക്ടുകൾ നടപ്പാക്കാത്തതിന് കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ മറുപടിയിൽ അങ്കണവാടി നിർമ്മാണം താൽക്കാലികമായി നിർത്തിവയ്ക്കാനുള്ള സർക്കുലർ വന്നത്

കാരണം പ്രോജക്റ്റ് നടപ്പാക്കുന്നതിനുള്ള തുടർനടപടികൾ ഒന്നും സ്വീകരിച്ചില്ലെന്നാണ് വിശദീകരിച്ചിട്ടുള്ളത്. എന്നാൽ സർക്കുലറിന്റെ വിശദാംശങ്ങൾ മറുപടിയിൽ വ്യക്തമാക്കിയിരുന്നില്ല.

എന്നാൽ ഈ വിഷയത്തിന് പഞ്ചായത്ത് സെക്രട്ടറി രേഖാമൂലം ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്റ്റ് നടപ്പാക്കാതിരുന്നതിന്റെ കാരണം ചുവടെ ചേർക്കുംപ്രകാരം വിശദീകരിക്കുകയുണ്ടായി. വാർഡിൽ അങ്കണവാടി പണിയുന്നതിന് സ്വകാര്യവ്യക്തി വിട്ടുനൽകിയ ലാന്റ് റിലിങ്ക്വിഷ്മെന്റ് നടപടികൾ പൂർത്തീകരിച്ച് ഉത്തരവ് ലഭിക്കുകയും ടി വസ്തു വില്ലേജ് രേഖകൾ പ്രകാരം നിലം വിഭാഗത്തിൽപ്പെടുന്ന വസ്തു ആയതിനാൽ ഇവിടെ അങ്കണവാടി നിർമ്മിക്കുന്നതിന് പ്രാദേശികനിരീക്ഷണസമിതിക്ക് നൽകിയ അപേക്ഷ പ്രൻസിപ്പൽ കൃഷി ഓഫീസർക്ക് കൈമാറുകയും അപേക്ഷ സംസ്ഥാനസമിതിക്ക് കൈമാറണമെന്ന് നിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ 18-9-18-ൽ സംസ്ഥാനസമിതിക്ക് നൽകിയെങ്കിലും ഈ വിഷയത്തിൽ ആർ.ഡി.ഒ-യ്ക്ക് ഉചിതമായ തീരുമാനമെടുക്കാം എന്ന് വാക്കാലുള്ള നിർദ്ദേശം നൽകി ഫയൽ മടക്കുകയും ചെയ്തതായി മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. തുടർനടപടികളുടെ ഭാഗമായി പഞ്ചായത്ത് കമ്മിറ്റിയുടെ 11-3-19-ലെ യോഗതീരുമാനപ്രകാരം 2-4-19-ൽ എ3-2396/17നമ്പർ കത്തുപ്രകാരം അനുമതിക്കായി ആർ.ഡി.ഒ-യ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ 9- ാം വാർഡിലെ പ്രോജക്റ്റ് നടപ്പാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

23-319- -ലെ ICDS/A7-7264/19നമ്പർ സർക്കുലർ പ്രകാരം 31-3-19- ന മുൻപ് പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്ത അങ്കണവാടി കെട്ടിടനിർമ്മാണ പ്രോജക്റ്റുകൾ ഇനി തുടങ്ങേണ്ടതില്ല എന്ന് സാമൂഹ്യനീതിവകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ 2019-20 വാർഷിക പദ്ധതിയിൽ ടി പ്രോജക്റ്റുകൾ ഉൾപ്പെടുത്തിയിട്ടില്ല. എക്സിറ്റ് മീറ്റിംഗിൽ വിഷയം അവതരിപ്പിച്ചപ്പോൾ പ്രോജക്റ്റിനായി ഡിപ്പാർട്ട്മെന്റ് ഫണ്ടും ജില്ലാപഞ്ചായത്ത് ഫണ്ടും കൈമാറിക്കഴിഞ്ഞിട്ടുള്ളതാണെന്നും തനത് ഫണ്ട് വിഹിതം നാളിതുവരെ കൈമാറിയിട്ടില്ലെന്നും ഐ.സി.ഡി.എസ്.സൂപ്പർവൈസർ അറിയിക്കുകയുണ്ടായി.

തനതുഫണ്ടിൽനിന്നും കേവലം 1,00,000/-രൂപ ചെലവഴിച്ചാൽ വാടകക്കെട്ടിടത്തിൽ പരിമിതമായ സൗകര്യത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 2 അങ്കണവാടികൾക്ക് ഏകദേശം പത്തുലക്ഷം രൂപയോളം മൂല്യം വരുന്ന സ്വന്തം കെട്ടിടം ലഭിക്കുമായിരുന്ന സാഹചര്യം നഷ്ടപ്പെടുകയാണുണ്ടായത്.

വാർഷികപദ്ധതിയിൽ ആവിഷ്കരിക്കുന്ന പ്രോജക്റ്റുകൾ നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കാതിരുന്നതുവഴി അങ്കണവാടികൾക്ക് കെട്ടിടനിർമ്മാണത്തിനുവേണ്ടി അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ ഉപേക്ഷിക്കേണ്ടിവന്നത് വളരെ ഗൗരവമായി കാണേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-4 അങ്കണവാടി ജീവനക്കാരുടെ ഹോണറേറിയം ട്രാൻസ്ഫർ ക്രെഡിറ്റ്- വിശദാംശങ്ങൾ ലഭ്യമായില്ല.

പ്രോജക്റ്റ് നമ്പർ -161/19
ചെലവ് -503700 (വികസനഫണ്ട്)
ബിൽ നമ്പർ -21/19 24.10.18
നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി

ധനകാര്യവകുപ്പിന്റെ 25.7.18 ലെ സ.ഉ(സാധാ) നം.6345/2018 പ്രകാരം അങ്കണവാടി തൊഴിലാളികളുടെയും സഹായികളുടെയും 2018-19 വർഷത്തെ 6 മാസത്തെ പ്രതിഫലത്തുക 2235-02-102-05-deduct amount transferred from development fund towards Honourarium & allowance of Anganawadi workers and helpers (NP) ശീർഷകത്തിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയതുപ്രകാരം 5,03,700/- രൂപ ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്ന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രസ്തുത തുക നിശ്ചയിക്കപ്പെട്ടതിന്റെ മാനദണ്ഡം വ്യക്തമല്ല. ഇക്കാര്യം വ്യക്തമാക്കേണ്ടതും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യപ്പെട്ട തുക അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും അക്കൗണ്ടുകളിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് പഞ്ചായത്ത് തലത്തിൽ ഉറപ്പ് വരുത്തേണ്ടതുമാണ്.

# 3-5 മൽസ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ -സ്കൂൾ സാക്ഷ്യപത്രം ലഭ്യമായില്ല.

പ്രോജക്റ്റ് നമ്പർ – 61/19

ചെലവ് - 42350(വികസന ഫണ്ട്)

ബിൽ നമ്പർ 32/19 19.1.19

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

പതിനൊന്ന് മൽസ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ (മേശ, കസേര) വാങ്ങി നൽകലായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. വെള്ളാക്കൽ ഏജൻസീസ് കടപ്ളാമറ്റം എന്ന സ്ഥാപനത്തിൽ നിന്നാണ് ഉപകരണങ്ങൾ വാങ്ങിയത് (ഇൻവോയിസ് നമ്പർ 198/21.11.18, 105/18.12.18). തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.2.18 ലെ ജി.ഒ(എം.എസ്) 22/18 നമ്പർ ഉത്തരവിലെ ഖണ്ഡിക 6.3(24) പ്രകാരം കുട്ടികളുടെ സ്കൂൾ സാക്ഷ്യപത്രം സൂക്ഷിക്കേണ്ടതാണ്. എന്നാൽ 4 കുട്ടികളുടെ (സാന്ദ്രാമോൾ കല്ലുങ്കൽപറമ്പ് കോളനി, ആദിത്യൻ പുത്തൻപറമ്പിൽ, അഭിജിത് കളപ്പുരപ്പറമ്പിൽ, ആദിത്യ കല്ലുങ്കൽപറമ്പ്) സ്കൂൾ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. അപാകതകൾ പരിഹരിക്കുന്നതിലേക്കായി 15400/- രൂപയുടെ (3850*4) ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-6 കൃഷി ഓഫീസർ നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ

**1) ടിഷ്യൂകൾച്ചർ വാഴത്തൈ വിതരണം കുട്ടികൾക്ക്-മാർഗ്ഗരേഖ പാലിച്ചില്ല.**

പ്രോജക്റ്റ് നമ്പർ-72/19

ചെലവ് - 9500 (വികസന ഫണ്ട്)

(ബിൽ നമ്പർ 4/19 18.12.18)

കുട്ടികളിൽ കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിനായി ബാലസഭ പഠനയാത്രയിൽ പങ്കെടുത്ത കുട്ടികൾക്ക് ടിഷ്യൂകൾച്ചർ വാഴത്തൈ വിതരണം ചെയ്യുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം.ആകെ 60 കുട്ടികൾക്കായി 475 വാഴത്തൈ വിതരണം ചെയ്തിട്ടുണ്ട്. വി.എഫ്.പി.സി.കെ., കൃഷി ബിസിനസ് കേന്ദ്രം എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നാണ് തൈകൾ വാങ്ങിയത്. പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ടിനായി പ്രത്യേക ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

2) 14.2.18 ലെ ജി.ഒ(എം.എസ്) 22/18 ത.സ്വ.ഭ.വ ഉത്തരവിലെ ഖണ്ഡിക 6.1(4) ൽ പരാമർശിച്ചിട്ടുള്ള നിബന്ധനകൾ പാലിച്ചിട്ടില്ല. നാമമാത്ര/ ചെറുകിട കർഷകരാണോ എന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതകൾ ചൂണ്ടിക്കാട്ടിനൽകിയ ഓഡിറ്റ് എൻക്വയറിക്ക് അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിക്കുന്നതിലേക്കായി 9500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**2) പച്ചക്കറിത്തൈ വിതരണം- രേഖകൾ അപൂർണ്ണം.**

പ്രോജക്റ്റ് നമ്പർ - 68/19

ചെലവ് – 50000(വികസനഫണ്ട്)

ബിൽ നമ്പർ 3/19 18.12.18

ആകെ 278 കർഷകർക്ക് വിതരണം ചെയ്യുവാനായി വി.എഫ്.പി.സി.കെ കൃഷി ബിസിനസ് കേന്ദ്രം എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നാണ് തൈകൾ വാങ്ങിയത്. 25000 തൈകൾ രണ്ട് രൂപ നിരക്കിൽ വാങ്ങി. 14.2.18

ലെ ജി.ഒ(എം.എസ്) 22/18 ത.സ്വ.ഭ.വ ഉത്തരവിലെ ഖണ്ഡിക 6.1(4) ൽ പരാമർശിച്ചിട്ടുള്ള നാമമാത്ര/ ചെറുകിട കർഷകരാണോ എന്ന് തെളിയിക്കുന്ന രേഖകൾ ഭൂരിഭാഗം അപേക്ഷകളോടൊപ്പവുമില്ല. അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. മതിയായ രേഖകളില്ലാതെ സബ്സിഡി അനുവദിക്കുന്നത് ക്രമപ്രകാരമല്ല. ഗുണഭോക്താക്കളിൽ നിന്ന് രേഖകൾ വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതുമാണ്.

# 3-7 പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി - അപാകതകൾ

പ്രോജക്ട് നമ്പർ -20/19

ചെലവ് - 250000(വികസനഫണ്ട്)

ബിൽ നമ്പർ 7/22.3.19

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ടിനായി 40 കിടാരികളെ എൻട്രോൾ ചെയ്ത് കാലിത്തീറ്റ നൽകുന്നതിനായി 250000/- രൂപ ( 40x6250) വികസനഫണ്ടിൽ നിന്നും പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകി.

കൈപ്പുഴ ക്ഷീരോൽപ്പാദക സംഘത്തെ കാലിത്തീറ്റ വിതരണത്തിനായി തെരഞ്ഞെടുത്തു. വിതരണ രജിസ്റ്റർ പരിശോധിച്ചപ്പോൾ ശ്രീ ഹരീശ്വരൻ നമ്പൂതിരി എന്ന ഗുണഭോക്താവ് 4/19 ന് ശേഷം കാലിത്തീറ്റ വാങ്ങിയതായി കണ്ടില്ല. ടിയാന് കിടാരിക്ക് വേണ്ടി കാലിത്തീറ്റ ആവശ്യമില്ലാത്ത പക്ഷം വികസനഫണ്ടിൽ നിന്നും അനുവദിച്ച തുക തിരികെ അടക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ടി ഗുണഭോക്താവിന്റെ കിടാരിക്ക് കാലിത്തീറ്റ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും പ്രോജക്ടിന്റെ നിർവ്വഹണകാലാവധിക്കു ശേഷം വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

# 3-8 തുക കൈമാറി 2 വർഷം കഴിഞ്ഞിട്ടും മീറ്ററിംഗ് സമ്പ്രദായം നടപ്പിലായിട്ടില്ല

തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി മുൻവാർഷികപദ്ധതികളിൽപ്പെടുത്തി ആകെ 9,01,000/- രൂപ കെ.എസ്.ഇ.ബി.യിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. കൈമാറിയിരുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ട് | കൈമാറിയ തുക | ചെക്ക് /ബിൽ നം. |
|---|---|---|---|
| 2016-17 | 141/17 | 4,57,299 /- | 16/18-3-17 |
| 2016-17 | 141/17 | 51501/- | 17/18-3-17 |
| 2017-18 | 74/18 | 392200 | 18/29-1-18 |
| ആകെ | | 901000/- | |

തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി തുക ഡെപ്പോസിറ്റ് ചെയ്തിരുന്നെങ്കിലും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭിക്കാതെയും സ്ഥാപിച്ച മീറ്ററുകളിൽ പലതും പ്രവർത്തിക്കുന്നില്ലാത്ത സാഹചര്യവും നിലനിൽക്കുന്നതിനാൽ അപാകത പരിഹരിക്കുന്നതിന് കെ.എസ്.ഇ.ബി.യോട് അഭ്യർത്ഥിക്കുന്നതിന് 1-8-18-ലെ പഞ്ചായത്ത്കമ്മിറ്റി തീരുമാനമെടുത്തിരുന്നു. പ്രസ്തുത തീരുമാനത്തിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കണമെന്ന് രേഖാമൂലം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞപ്രകാരം കൈമാറിയ 901000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം കെ.എസ്.ഇ.ബി. ലഭ്യമാക്കിയത് ഓഡിറ്റിൽ ഹാജരാക്കിയിരുന്നു. 48 മീറ്ററിംഗ് ഉപകരണങ്ങൾ സ്ഥാപിച്ച ഇനത്തിൽ ചെലവായ 5,08,800/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം 11-12-17-ലും 37 എണ്ണം സ്ഥാപിച്ച ഇനത്തിൽ ചെലവഴിച്ചിട്ടുള്ള

3,92,200/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം 30-3-19-ലും രണ്ട് തവണകളായി കെ.എസ്.ഇ ബി. ലഭ്യമാക്കിയിട്ടുണ്ട്.

എന്നാൽ പഞ്ചായത്തിന്റെ കറന്റ് ചാർജിനത്തിലുള്ള ചെലവ് പരിശോധിച്ചതിൽ പുതിയതായി സ്ഥാപിച്ചിട്ടുള്ള മീറ്ററുകളുടെ റീഡിംഗിന്റെ അടിസ്ഥാനത്തിലല്ല കറന്റ്ചാർജ് അടവാക്കിപ്പോരുന്നതെന്ന് ബോധ്യമായി. 2017-18, 18-19 വാർഷികപദ്ധതികളിലായി വിവിധ പ്രോജക്ടുകൾപ്രകാരം എകദേശം 12 ലക്ഷത്തോളം രൂപ എൽ ഇ ഡി ലൈറ്റ്കൾ സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. സാധാരണ ബൾബുകളെ അപേക്ഷിച്ച് കറന്റുപഭോഗം താരതമ്യേന കുറഞ്ഞ എൽ ഇ.ഡി വിളക്കുകൾ എല്ലാ വാർഡുകളിലും സ്ഥാപിച്ചുകഴിഞ്ഞിട്ടുള്ള സാഹചര്യവും മീറ്ററിംഗിനായി 9 ലക്ഷത്തിലധികം തുക മുടക്കിക്കഴിഞ്ഞ സാഹചര്യവും നിലനിൽക്കെ പഴയ താരിഫനുസരിച്ച് തന്നെ കറന്റ് ചാർജ് ഈടാക്കിപ്പോരുന്നത് പഞ്ചായത്തിന് നഷ്ടമുണ്ടാക്കുന്നു.

എക്സിറ്റ് മീറ്റിംഗിൽ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിനെതുടർന്ന് ഈ വിഷയവുമായി ബന്ധപ്പെട്ട് നിരവധി തവണ കെ.എസ്.ഇ.ബി. അധികൃതരുമായി ഫോണിൽ ബന്ധപ്പെട്ടെങ്കിലും നാളിതുവരെ നടപടിയൊന്നും ഉണ്ടായിട്ടില്ല എന്ന് പ്രസിഡന്റ് അറിയിച്ചു. എന്നാൽ വിഷയം ഗ്രാമപഞ്ചായത്ത് രേഖാമൂലം കെ.എസ്.ഇ.ബി.യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ പഞ്ചായത്ത് കമ്മിറ്റി വിഷയം ചർച്ച ചെയ്യേണ്ടതും തീരുമാനമെടുത്ത് പുതിയതായി സ്ഥാപിച്ചിട്ടുള്ള എല്ലാ മീറ്ററുകൾക്കും കണക്ഷൻ നൽകിയും സംയുക്ത പരിശോധനയിലൂടെ നിലവിൽ പ്രവർത്തനക്ഷമമായ വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തിയും ആയതിന്റെ അടിസ്ഥാനത്തിൽമാത്രം നിരക്ക് നിശ്ചയിച്ച് കറന്റ് ചാർജ് ഈടാക്കേണ്ടതാണെന്ന് കാണിച്ച് രേഖാമൂലം കെ.എസ്.ഇ.ബിയോട് ആവശ്യപ്പെടേണ്ടതും ഗ്രാമപഞ്ചായത്തിന് തെരുവുവിളക്കുകളുടെ കറന്റ് ചാർജിനത്തിലുള്ള അധികച്ചെലവ് ഒഴിവാക്കേണ്ടതുമാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 3-9 കരാർവച്ച് ഒരുവർഷം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി മുൻവർഷം ആവിഷ്കരിച്ചതും അംഗീകാരം കിട്ടിയതുമായ പല പ്രോജക്ടുകളുടെയും ടെൻഡർ നടപടികൾ പൂർത്തീകരിക്കാത്തതിനാലും നടപടികൾ പൂർത്തിയായി കരാറുകാരുമായി എഗ്രിമെന്റിലേർപ്പെട്ടിരുന്ന സംഗതികളിൽ കരാറുകാർ യഥാസമയം പണി ഏറ്റെടുത്ത് പൂർത്തീകരിക്കാത്തതിനാലും പ്രോജക്ടുകൾ തൻവർഷം നടപ്പാക്കാനായില്ല. പ്രസ്തുത പ്രോജക്ടുകൾ സ്പിൽ ഓവറായി തുടരുന്നതിന് അംഗീകാരം ലഭിച്ചെങ്കിലും ഓഡിറ്റ് വർഷവും പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | കരാറുകാരൻ | കരാർ തീയതി | അടങ്കൽ |
|---|---|---|---|
| 124/19 പുല്ലാട്ട് റോഡ് മെയിന്റനൻസ് | സി.പി.ബൈജു | 20-2-18 | 75000/- |
| 125/19 തുക്കേൽ കറ്റ്യാനിക്കുളങ്ങര റോഡ് മെയിന്റനൻസ് | ,, | ,, | 125000/- |
| 133/19 ഓണംതുരുത്ത് എൽ.പി.എസ്. മെയിന്റനൻസ് | പി.റ്റി.ജോസഫ് | 21-10-18 | 20000/- |
| 140/19 -മൂഴിക്കുളങ്ങര വടക്കുംഭാഗം പാടശേഖരം തോട് ആഴംകൂട്ടലും ശുചിയാക്കലും | സി.എം.സേവ്യർ | 20-2-18 | 100000/- |
| 141/19 മുയർപാടം തോട് ആഴംകൂട്ടി ശുചിയാക്കൽ | സി.പി.ബൈജു | 12-3-18 | 100000/- |
| 142/19-മങ്ങാട്ടുകുഴി മാനാടി തോട് ആഴംകൂട്ടി ശുചിയാക്കൽ | സി.എം.സേവ്യർ | 20-2-18 | 200000/- |
| 145/19-ചാത്തൻകരി മാത്തൻകരി തോട് ആഴംകൂട്ടലും ശുചിയാക്കലും | ,, | 20-2-18 | 100000/- |
| 148/19-തുക്കേൽ പഞ്ചായത്ത് സ്റ്റേഡിയം ഇൻഡോർ | കിരൺ,കരിപ്പയിൽ | | 1000000/- |

| | | | |
|---|---|---|---|
| ഷട്ടിൽകോർട്ട് നിർമ്മാണം | | 20-10-18 | |

മേൽ പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ, പ്രോജക്ട് നടപ്പിലാക്കാത്തതിന്റെ കാരണം തുടങ്ങിയവ വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ നാളിതുവരെ പണി ആരംഭിച്ചിട്ടില്ലാത്തതിനാൽ അവർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും പണി ഉടനെ ആരംഭിക്കുന്നതാണെന്നും അസിസ്റ്റന്റ് എൻജിനീയർ വ്യക്തമാക്കുകയുണ്ടായി. സ്പിൽ ഓവർവിഹിതം ലഭിക്കാത്ത സാഹചര്യത്തിൽ പ്രോജക്ടുകൾക്കുള്ള ചെലവ് തൻവർഷ വിഹിതത്തിൽനിന്നും കണ്ടെത്തേണ്ടി വരുന്നതുമൂലം തൻവർഷപദ്ധതികൾക്ക് വകയിരുത്തേണ്ട വിഹിതത്തിൽ കുറവ് വരികയും ചെയ്യുന്നു. ആയത് പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതാണ്.

മേൽസാഹചര്യത്തിൽ പ്രവൃത്തി ഏറ്റെടുത്തതിനുശേഷം കരാർപ്രകാരം പൂർത്തീകരിക്കാത്ത കരാറുകാർ ഇ.എം.ഡി, സെക്യൂരിറ്റി എന്നീ ഇനങ്ങളിൽ പഞ്ചായത്തിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് വസൂലാക്കേണ്ടതും അവർക്കെതിരെ പൊതുമരാമത്ത് ചട്ടപ്രകാരമുള്ള മറ്റ് നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-10 പി.എച്ച്.സി.ക്ക് മരുന്നു വാങ്ങൽ - മരുന്ന് ലഭ്യമാക്കിയിട്ടില്ല

പദ്ധതി നം. S0017/19

പ്രോജക്ട് - PHC മരുന്ന് വാങ്ങൽ

അടങ്കൽ തുക - 2,00,000/-

ചെലവ് - 2,00,000/-

ബിൽ നം. 5/18-19 തിയതി 20.12.2018 പ്രകാരം 37621/- രൂപ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിക്ക് നൽകിയിട്ടുണ്ടെങ്കിലും മരുന്ന് ലഭ്യമാക്കിയിട്ടില്ല. മരുന്ന് വാങ്ങലിനായി മൂന്നാം ഘട്ടത്തിൽ മാറിയ ബിൽ നം. 6/18-19 തിയതി 16.01.2019 പ്രകാരം 124303/- രൂപ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിക്ക് നൽകിയിട്ടുണ്ടെങ്കിലും 76965/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. രണ്ട് ഘട്ടങ്ങളിലായി ചെലവഴിച്ച തുകയിൽ 84959/- രൂപയുടെ മരുന്ന് ലഭ്യമാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ആയതുവരെയും 84,959/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 വിനിയോഗ വിവരമില്ല -തുക തടസ്സപ്പെടുത്തുന്നു.

ചുവടെ ചേർത്തിരിക്കുന്ന വിവിധ ഡെപ്പോസിറ്റ് വർക്കുകളുടെ വിനിയോഗവിവരം നാളിതുവരെ ലഭ്യമായിട്ടില്ല. വിവിധ ഏജൻസികളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ടി സ്ഥാപനങ്ങളുമായി പ്രോജക്ടിന്റെ പൂർത്തീകരണം സംബന്ധിച്ച് കരാറിലേർപ്പെട്ടിട്ടില്ല.

| ക്രമ നം. | പ്രോജക്ട് /നമ്പർ | പ്രോജക്ടിന്റെ പേര് | നിർവ്വഹണോദ്യോഗസ്ഥൻ | ചെലവ് , ഫണ്ട് | ബിൽ നമ്പർ | തുക കൈപ്പറ്റിയ ആൾ/ സ്ഥാപനം |
|---|---|---|---|---|---|---|
| 1 | 8/19 | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | സെക്രട്ടറി | 199110(വികസനഫണ്ട്) 1116000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) 2890 (തനത് ഫണ്ട്) | 25/19 31.10.18 24/19 31.10.18 | കേരള വാട്ടർ അതോറിറ്റി |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 21800658/ 16.1.19 | |
| 2 | 82/19 | പി.എച്ച്.സി വയറിംഗ് | സെക്രട്ടറി | 200000(റോഡിതര സംരക്ഷണ ഗ്രാന്റ്) | 48/19 27.3.19 | PWD ഇലക്ട്രിക്കൽ വിംഗ് കോട്ടയം |
| 3 | 112/19 | അംഗൻ വാടികൾക്ക് (നമ്പർ 107,94) പൈപ്പ് കണക്ഷൻ | സെക്രട്ടറി | 15000 (റോഡിതര സംരക്ഷണ ഗ്രാന്റ്) | 41/19 14.3.19 | കേരള വാട്ടർ അതോരിറ്റി |
| 4 | 65/19 | അങ്കണവാടിക്ക് (നമ്പർ 86) പൈപ്പ് കണക്ഷൻ | സെക്രട്ടറി | 150000 (റോഡിതര സംരക്ഷണ ഗ്രാന്റ്) | 34/19 28.1.19 | കേരള വാട്ടർ അതോരിറ്റി |
| | | | ആകെ | 1683000 | | |

പ്രവൃത്തി പൂർത്തിയാക്കി വിനിയോഗവിവരം ലഭ്യമാക്കുന്നതിലേക്കായി 16,83,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 ലൈഫ് ഭവനപദ്ധതി - അവലോകനം

| പ്രോജക്ട് നം. | 152/18-19(ജനറൽ) | പ്രോജക്ട് നം. | 152/18-19(എസ്.സി.പി) |
|---|---|---|---|
| അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് |
| വികസനഫണ്ട് 2455000 | 2455000 | വികസനഫണ്ട് 400000 | 360000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം 320000 | 320000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം 244704 | 244704 | ജില്ലാ പഞ്ചായത്ത് വിഹിതം | 0 |
| മറ്റുള്ളവ (ലോൺ) 1780296 | 680296 | മറ്റുള്ളവ (ലോൺ) | 0 |
| ആകെ 4800000 | 3700000 | ആകെ | 0 |

നീണ്ടൂർ ഗ്രാമപഞ്ചായത്തിലെ ഭവന രഹിതരായ 11 ജനറൽ വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് ഭവനനിർമാണം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയ്ക്കായി വിവിധ ഫണ്ടുകളിൽ നിന്ന് 37,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 48,00,000/- രൂപ അടങ്കൽ തുക ഉള്ള ടി പ്രോജക്ടിലെ 9 ഗുണഭോക്താക്കൾ മാത്രമേ ഭവനനിർമാണം പൂർത്തീകരിച്ച് മുഴുവൻ തുകയും (400000 രൂപ) കൈപ്പറ്റിയിട്ടുള്ളൂ. ചുവടെ പറയുന്ന ഗുണഭോക്താക്കൾ നാളിതു വരെ ഭവനനിർമാണം പൂർത്തീകരിച്ചതായി കാണുന്നില്ല.

| ഗുണഭോക്താക്കളുടെ പേരും വിലാസവും | ആദ്യ ഗഡു തുക കൈപ്പറ്റിയ തീയതി | ആകെ കൈപ്പറ്റിയ തുക |
|---|---|---|
| അനിൽകുമാർ കെ.എസ് & ബിന്ദു അനിൽ, കല്ലുവേലിൽ | 13.7.18 | 300000 |
| ദേവസ്യ ഉലഹന്നാൻ & ലീലാമ്മ ബേബി, പട്ടംചിറയിൽ | 19.9.18 | 260000 |

എസ്.സി.പി വിഭാഗത്തിൽ ശ്രീമതി ശാലിനി ദിലീപ് കൊല്ലംപറമ്പിൽ എന്ന ഗുണഭോക്താവ് 360000/- രൂപ നാളിതുവരെ കൈപ്പറ്റിയിട്ടുണ്ട്. 19.9.18 ലാണ് ആദ്യഗഡു കൈപ്പറ്റിയത്.

മേൽ സൂചിപ്പിച്ചിരിക്കുന്ന ഗുണഭോക്താക്കൾക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഭവനനിർമ്മാണം പൂർത്തീകരിച്ച ശേഷം പൂർത്തീകരണ സാക്ഷ്യപത്രം സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 3-13 ആശ്രയ പദ്ധതി

സെക്രട്ടറിക്ക് നിർവ്വഹണച്ചുമതലയുണ്ടായിരുന്ന ആശ്രയ പദ്ധതിയ്ക്കായി തൻവർഷം വികസനഫണ്ടിൽ നിന്നും 2,00,000/- രൂപ (bill no.197/17-18/22-3-19) സിഡിഎസ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്.

ആശ്രയ -ഒന്നാം ഘട്ടം

നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ ഒന്നാം ഘട്ട ആശ്രയപദ്ധതിയുടെ കാലയളവ് 2011 മുതൽ 2014 വരെയായിരുന്നു. 28 കുടുംബങ്ങളിലായി ആകെ 66 ഗുണഭോക്താക്കൾക്ക് വേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്തത്.

ധനകാര്യവിശകലനം

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| പ്ലാൻഫണ്ട് | 6,00,000 | 3,92,500 | 180500 |
| ചലഞ്ച്ഫണ്ട് | 6,97,740 | 3,12,090 | 3,85,650 |
| പലിശ | 2,53,904 | 88.5 | 2,53,815.5 |
| ആകെ | 15,51,644 | 7,04,590 | 8,46,965.5 |

സ്ഥലം വാങ്ങൽ, ഭവനനിർമ്മാണം, മരുന്ന്, വസ്ത്രം തുടങ്ങിയ വിവിധ സേവനപാക്കേജുകൾക്കായി ആകെ 196 ഗുണഭോക്താക്കളുണ്ടായിരുന്നതിൽ 102 പേർക്ക് സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ 94 പേർക്ക് സേവനങ്ങൾ ലഭ്യമാക്കാനവശേഷിക്കുന്നുണ്ട്.

ആശ്രയ രണ്ടാം ഘട്ടം

ആശ്രയ രണ്ടാംഘട്ട പദ്ധതി 2014-ൽ ആരംഭിച്ചു. 2014 മുതൽ 2017 വരെയായിരുന്ന രണ്ടാം ഘട്ടത്തിൽ 56 കുടുംബങ്ങളിലായി ആകെ 138 കുടുംബങ്ങളാണുണ്ടായിരുന്നത്.

ധനകാര്യവിശകലനം

| ഫണ്ട് സ്രോതസ്സ് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട് | 5,00,000 | 5,00,000 | - |
| ചലഞ്ച്ഫണ്ട് | 8,22,846 | 5,35,112 | 2,87,734 |
| പലിശ | 34,219 | 2,540 | 31,679 |
| ആകെ | 13,57,065 | 10,37,652 | 3,19,413 |

ഓഡിറ്റ് വർഷം പ്ലാൻഫണ്ട് 2,00,000/- രൂപ വകയിരുത്തി പ്രോജക്ടിന് അംഗീകാരം ലഭിക്കുകയും തുക 22-3-19-ൽ എസ്.ബി.റ്റി. അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. സേവനപ്രവർത്തനങ്ങളുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് അനുവദിക്കേണ്ട തുക അതാതുവാർഡുകളിലെ എഡിഎസ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുന്നതിന്റെ വിവരങ്ങൾ മാത്രമേ ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ. എഡിഎസ് അക്കൗണ്ടിൽനിന്നുള്ള വരവുചെലവുകണക്കുകളുടെയും ഗുണഭോക്താക്കൾ തുക കൈപ്പറ്റുന്നതിന്റെയും രേഖകൾ ഉൾപ്പെടെ ആശ്രയ പ്രോജക്ടുമായി ബന്ധപ്പെട്ട വിവരങ്ങൾ നിർവ്വഹണോദ്യോഗസ്ഥൻ സൂക്ഷിക്കേണ്ടതാണ്.

ജി.ഒ (എംഎസ്) 252/2017/തസ്വഭവ/12-12-17 പ്രകാരം മൂന്നാം ഘട്ട അഗതിരഹിത കേരളം പദ്ധതിയ്ക്കായി സർവ്വേ നടത്തി 98 അഗതി കുടുംബങ്ങളെ ഉൾപ്പെടുത്തി 2019-2021കാലയളവിലേക്കായി 85,88,648/-/-രൂപ പദ്ധതി അടങ്കലുള്ള (ചലഞ്ച്ഫണ്ട് രൂപ 34,38,648/- പ്ലാൻഫണ്ട് 51,50,000/-രൂപ) അഗതിരഹിതകേരളം പദ്ധതിക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 22-9-18-ലെ 6/1 നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകി പ്രോജക്ട് റിപ്പോർട്ട് സംസ്ഥാന മിഷനിലേയ്ക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയതിന് കുടുംബശ്രീ എക്സിക്യൂട്ടീവ്

ഡയറക്ടറുടെ 10.03.19ലെ KS/L/423/19(1) നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം നൽകി ചലഞ്ച്ഫണ്ടിനത്തിൽ 34,38,648/-രൂപ അനുവദിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ഒന്നാം ഗഡുവായ 11,46,216/- രൂപയിൽനിന്നും മുൻ വാർഷികപദ്ധതികളിൽ ചെലവഴിച്ചതിന്റെ ബാക്കി തുക 9,21,482/- രൂപ കിഴിച്ച് ബാക്കി 2,24,734/- രൂപ മാത്രമേ ഒന്നാംഗഡുവായി അനുവദിച്ചിട്ടുള്ളു. ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ ചലഞ്ച് ഫണ്ടിനത്തിൽ ആകെ അനുവദിച്ച തുക 15,20,586/-രൂപയും ചെലവഴിച്ച തുക 8,47,202/-രൂപയുമായിരുന്നു. ആയതിനാൽ ഈയിനത്തിൽ 6,73,384/- രൂപ മാത്രമേ അവശേഷിക്കുന്നുള്ളൂ. ഈ തുക കിഴിച്ചാൽ ഒന്നാം ഗഡുവായി 4,72,832/- രൂപ ലഭിക്കാൻ അർഹതയുള്ളതായി കാണുന്നു. ആദ്യഗഡു ചലഞ്ച് ഫണ്ടിനത്തിൽ ലഭിക്കാൻ അർഹമായ 2,48,098/- രൂപ കൂടി ലഭിക്കാൻ വേണ്ട നടപടികൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നുണ്ടാവേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 320000 | ലൈഫ് മിഷൻ | 320000 | 0 |
| | 2018-19 | 180000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 180000 | 0 |
| | 2018-19 | 200000 | പാലിയേറ്റീവ് കെയർ പദ്ധതി | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 244704 | ലൈഫ് മിഷൻ | 244704 | 0 |
| | 2018-19 | 180000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 180000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 148300 | 0 | 148300 |
| സോഷ്യോ ഇക്കോണമിക്ക് യൂണിറ്റ് | തുമ്പൂർമുഴി കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ | 120000 | 0 | 120000 |
| PWD | പി.എച്ച്.സി. വയറിംഗ് | 200000 | 0 | 200000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക ചെലവഴിച്ചിട്ടില്ല.

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 6,80,296/-രൂപ വരവുണ്ട്. വായ്പാതുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | | 680296 | 0 | 0 | 0 | 680296 |

# 4-5 സ്ഥിര നിക്ഷേപം

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ

ഇല്ല

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 60061600.41 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 43553453 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1792859 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 15,400 | ശ്രീ.വി.ജെ.ആന്റണി, സെക്രട്ടറി |
| 3-6(1) | 9,500 | ശ്രീമതി നിത്യ സി.പി., കൃഷി ഓഫീസർ |
| 3-10 | 84,959 | ശ്രീമതി ആശ പി.നായർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-11 | 14,68,000 | ശ്രീ.വി.ജെ.ആന്റണി, സെക്രട്ടറി |
| | | |

| | | |
|---|---|---|
| | 15,000 | ശ്രീ.വിനോദ്കുമാർ ഇ.ജി.,<br>അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ് ഓഫ് സെക്രട്ടറി |
| | 2,00,000 | ശ്രീമതി ബീമ എം., സെക്രട്ടറി |
| ആകെ | 17,92,859 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1998-99 | കെ.എസ്.എ-കെ.ടി.എം.പി9/അദാ/18/56(1)/18/29.1.18 | |
| 1999-2000 | കെ.എസ്.എ-കെ.ടി.എം.പി9/അദാ18/56(2)/18/29.1.18 | |
| 2000-01 | കെ.എസ്.എ-കെ.ടി.എം.പി9/അദാ18/56(3)/18/29.1.18 | |
| 2001-02(ഡിസിബി) | എൽ.എഫ്.കെ.പി4/890/07/28.02.08/22.03.08 | |
| 2002-03(ചെലവ്) | എൽ.എഫ്.കെ.പി4/688/05/05.05.2007 | |
| 2002-03(വരവ്) | എൽ.എഫ്.കെ.പി9/അദാ18/56(5)/18/29.1.18 | |
| 2006-07 | എൽ.എഫ്.കെ.പി9/അദാ18/56(10)/18/29.1.18 | |
| 2007-08 | എൽ.എഫ്.കെ.പി9/അദാ(18)56(11)/18/29.01.18 | |
| 2008-09 | എൽ.എഫ്.കെ.പി9/(അദാ18)/56(12)/18/29.1.18 | |
| 2009-10 | എൽ.എഫ്.കെ.പി10/406/15/23.11.2015 | |
| 2010-11 | എൽ.എഫ്.കെ.പി10/570/13/5.10.13 | |
| 2011-12 | എൽ.എഫ്.കെ.പി9/(അദാ18)56(15)/18/29.1.18 | |
| 2012-13 | എൽ.എഫ്.കെ.പി10/985/16/27.8.2016 | |
| 2013-14 | എൽ.എഫ്.കെ.പി10/1666/16/1.4.17 | |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.10-1667/16/30.5.17 | |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.9/954/17/19.12.17 | |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി-9/1429/17/1.01.2018 | |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി-9/17/19/08.03.2019 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ-കെ.ടി.എം.പി.9/1010/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 17.08.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19** ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**